# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 02 ഫെബ്രുവരി–2011 ലക്കം 2**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ - തിരുബാലസഖ്യദിനം .............................. 03
മാനന്തവാടി രൂപതാ നിയമാവലിയിൽ ഭേദഗതി ........ 07
യവനാർകുളം ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി.. 09
മൂലങ്കാവ് ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി ....... 13
രൂപതാകച്ചേരി വാർത്തകൾ .................................... 16
വിദ്യാഭ്യാസ സഹായനിധി ........................................ 18
സെമിനാരി വാർത്തകൾ ........................................ 20
വൊക്കേഷൻ ബ്യൂറോ ................................................ 21
മതബോധനരംഗം ...................................................... 22
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 25
ചെറുപുഷ്പമിഷൻലീഗ് ............................................. 28
കെ. സി. വൈ. എം. ................................................... 36
കുടുംബപ്രേഷിതത്വം ............................................... 43
സിയോൻ വാർത്തകൾ .............................................. 47
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 52
റേഡിയോ മാറ്റൊലി ............................................... 57
മീഡിയാ കമ്മീഷൻ .................................................. 59
സാമൂഹ്യസേവന രംഗം ........................................... 60
മേരിമാതാ ആർട്സ് & സയൻസ് കോളേജ് .............. 62
അറിയിപ്പുകൾ ......................................................... 65
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. 66
ബിഷപ്സ് പ്രോഗ്രാം ................................................ 67



# തിരുബാലസഖ്യദിനം

## 2011 ഫെബ്രുവരി 13

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദര ന്മാരേ, കുഞ്ഞുങ്ങളേ,

ഫെബ്രുവരി 13-ന് ആഗോളസഭ തിരുബാലസഖ്യദിനമായി ആച രിക്കുകയാണല്ലോ. കുഞ്ഞുങ്ങളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവച്ച് പ്രവർത്തിക്കുന്നതും ആഗോളകത്തോലിക്കാ സഭ മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യ സ്ഥാപ കൻ. 1922-ൽ പത്താം പീയൂസ് മാർപാപ്പ ഈ സംഘടനയെ പൊന്തി ഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ പത്താം പീയൂസ് മാർപാപ്പ തിരുബാലസഖ്യദിനം സാർവ്വത്രിക സഭ മുഴുവനും ആചരി ക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എല്ലാ വർഷവും ഫെബ്രു വരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് തിരുബാലസഖ്യദിനമായി തിരുസഭ ആചരിക്കുന്നത്. അന്നേ ദിവസം നമ്മുടെ എല്ലാ ഇടവകകളിലും തിരുബാലസഖ്യദിനം സമുചിതമായി ആചരിക്കണമെന്ന് സ്നേഹ പൂർവ്വം അഭ്യർത്ഥിക്കുന്നു.

കുഞ്ഞുങ്ങൾ രാഷ്ട്രത്തിന്റെയും സഭയുടേയും നന്മയും സമ്പ ത്തുമാണ്. അവരെ നന്മനിറഞ്ഞവരും ഉത്തമ പൗരൻമാരുമായി വളർത്തുവാനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കന്മാർക്കുമുണ്ട്. തിരുക്കുടുംബത്തിലെ പരിശുദ്ധ അമ്മയും വി.യൗസേപ്പിതാവുമായിരി ക്കണം ഈ കാര്യത്തിൽ മാതാപിതാക്കന്മാരുടെ മാതൃക. ഈശോ ദൈവ

ത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നതുപോലെ നമ്മുടെ എല്ലാ കുഞ്ഞുങ്ങളും വളർന്നു വരണം എന്നതാണ് പിതാവായ ദൈവത്തിന്റെ തിരുവിഷ്ടം. കുഞ്ഞുങ്ങളെ അവരുടെ ചെറുപ്രായത്തിൽതന്നെ സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും നാം പരിശീലിപ്പിക്കണം. "ചുട്ടയിലെ ശീലം ചുടലവരെ" എന്നാണല്ലോ ചൊല്ല്. അതിന് തിരുബാലസഖ്യ സംഘടന വഹിക്കുന്ന പങ്ക് വളരെ ശ്രദ്ധേയമാണ്.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾ കുഞ്ഞുങ്ങളുടെ നന്മ നിറഞ്ഞ ബാല്യത്തിനും ഭീഷണി ഉയർത്തുന്നു. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമ സംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. ഈ വിഷമഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ശരിയായ മൂല്യബോധവും പരിശീലനവും നൽകിയില്ലെങ്കിൽ അവർ ആധിപത്യമനോഭാവമുള്ളവരും സ്വാർത്ഥമതികളുമായിത്തീരുവാൻ സാധ്യതയുണ്ട്. സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് കുടുംബ ബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. അതുകൊണ്ട് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. "മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും സ്നേഹിതരുടെ മുമ്പിൽ അവനെകുറിച്ച് അഭിമാനിക്കുകയും ചെയ്യും" (പ്രഭാ.30:2).

നമ്മുടെ കുഞ്ഞുങ്ങൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളെയും സ്വാധീനങ്ങളെയും കണ്ടില്ലെന്ന് നടിക്കുവാനാവില്ല. ജനിക്കുവാനും ജീവിക്കുവാനുമുള്ള മനുഷ്യന്റെ മൗലിക അവകാശങ്ങൾക്കുപോലും കടന്നുകയറ്റം നടത്തുന്നു. വിവിധ രാഷ്ട്രീയ പാർട്ടികൾ തങ്ങൾക്കു വേണ്ടി അണികളെ വാർത്തെടുക്കുവാൻ കുഞ്ഞുങ്ങളിലേക്കു പോലും ഇറങ്ങി വരുന്നു. സഭയെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളനാപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കുവാനുള്ള ആസൂത്രിത ശ്രമങ്ങളും നടക്കുന്ന ഈ പശ്ചാത്തലത്തിലാണ് തിരുബാലസഖ്യത്തിന്റെ പ്രസക്തി നാം അറിയേണ്ടത്.

തിരിച്ചറിവിന്റെ പ്രായംവരെയാണ് കുട്ടികൾ തിരുബാലസഖ്യത്തിൽ പ്രവർത്തിക്കുന്നത്. കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ

ഏറ്റവും പ്രധാനപ്പെട്ട കാലയളവാണിത്. നമ്മുടെ നേഴ്സറികളും, എൽ. കെ.ജി., യു.കെ.ജി. ക്ലാസുകളും നമ്മൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുകയെന്ന ആവശ്യകത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉണ്ണീശോയുടെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മദ്ധ്യസ്ഥയും വി.യൗസേപ്പിതാവും കാവൽ മാലാഖയും ഉപമദ്ധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണയിൽ കുഞ്ഞുങ്ങളെ വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു.

ഈ വർഷം ഫെബ്രുവരി 13-നാണ് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്നതാണ് തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം. തിരുബാലസഖ്യ ദിനാചരണത്തിലൂടെ ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് പരസ്പരം സ്നേഹിച്ച് സഭയുടെ വിശ്വാസം ഏറ്റു പറയുന്നു. അന്നേ ദിവസം എല്ലാ ഇടവകകളിലും കുട്ടികൾക്കു വേണ്ടി വി.കുർബാനയും പൊതുസമ്മേളനവും ചെറിയൊരു റാലിയും നടത്തുന്നത് ഉചിതമായിരിക്കും. തിരുബാലസഖ്യദിനമാചരിക്കുന്ന ഞായറാഴ്ചയിലെ ദിവ്യബലി മദ്ധ്യേയെടുക്കുന്ന സ്തോത്രക്കാഴ്ചയും തിരുബാലസഖ്യാംഗങ്ങൾ ഭവനസന്ദർശനവും മറ്റു പരിപാടികളും വഴി ശേഖരിക്കുന്ന തുകയും കൂടി ലോകമെമ്പാടുമുള്ള അനാഥ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് ഫെബ്രുവരി 28-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

നമ്മുടെ ഇടവകകളിലെ എല്ലാ കത്തോലിക്കാ ബാലികാബാലന്മാരും ഈ സംഘടനയിൽ അംഗങ്ങളായി ഒന്നിച്ച് പ്രവർത്തിച്ച് ഉണ്ണീശോയുടെ കൂട്ടുകാരായിത്തീരണമെന്നതാണ് സഭയുടെ ആഗ്രഹം. അതിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന രൂപതാ, ഫൊറോനാ, ഇടവക പ്രവർത്തകരും ബഹു. വികാരിയച്ചന്മാരും ആനിമേറ്റേഴ്സും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. തിരുബാലസഖ്യാംഗങ്ങൾക്ക് ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ ഉചിതമായ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ എല്ലാ രൂപതാ ഡയറക്ടർമാരും ശ്രദ്ധിക്കുമല്ലോ. സെമിനാറുകൾ, ധ്യാനങ്ങൾ, കലാമത്സരങ്ങൾ മുതലായവ നടത്താവുന്നതാണ്. എല്ലാ ഇടവകകളിലും ഒരു സിസ്റ്ററിനെ തിരുബാല

സഖ്യ ആനിമേറ്ററായി നിയമിക്കുന്നത് ഉചിതമാണ്. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും ചെയ്യുന്നത് വളരെ പ്രയോജനം ചെയ്യും. അങ്ങനെ ഭാവി സമൂഹത്തിന് നമുക്ക് അടിത്തറ പണിയാം.

പ്രിയ കുഞ്ഞുങ്ങളേ, നിങ്ങളെ എല്ലാവരെയും ഉണ്ണീശോയ്ക്ക് ഞാൻ സമർപ്പിക്കുന്നു. ഈശോയെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരുവാൻ പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2011 ഫെബ്രുവരി 6-ാം തീയതി വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 10279/2010***

# മാനന്തവാടി രൂപതാ നിയമാവലിയിൽ ഭേദഗതി

2007 – ൽ പ്രസിദ്ധീകരിച്ച മാനന്തവാടി രൂപതാനിയമാവലിയിൽ **അനുബന്ധം IV "സെമിത്തേരി, കല്ലറ ഇവയെ സംബന്ധിച്ച നിയമങ്ങൾ"** എന്ന തലക്കെട്ടിലുള്ള ചില നിയമങ്ങൾ (നമ്പർ 15, 16, 17, 22) 2010 ഡിസംബറിൽ ചേർന്ന വൈദിക സെനറ്റിന്റെ അഭിപ്രായം കണക്കിലെടുത്ത് താഴെ പറയുന്ന വിധത്തിൽ ഭേദഗതി ചെയ്തിരിക്കുന്നു.

**വിവിധ കല്ലറകൾക്കുള്ള നിരക്ക്:**

**15.** ഒറ്റക്കല്ലറയ്ക്ക് അഥവാ ഒരു വ്യക്തിയുടെ മാത്രമായിട്ടുള്ള കല്ലറയ്ക്ക് 30000 രൂപ മുതൽ 75000 വരെ (ഇടവകയിൽ നിന്നും പണിതു കൊടുക്കേണ്ടതാണ്)

**16.** കുടുംബക്കല്ലറയ്ക്ക് 25000 രൂപ മുതൽ 50000 വരെ (ഇടവകയിൽ നിന്നും പണിതു കൊടുക്കേണ്ടതാണ്).

**17.** ഈ നിർദ്ദിഷ്ട നിരക്കിനുള്ളിൽ അതാത് ഇടവക പൊതുയോഗം നിശ്ചയിക്കുന്ന തുക രൂപതാകച്ചേരിയുടെ അനുവാദത്തോടെ സ്വീകരിക്കാവുന്നതാണ്. പ്രാദേശികമായിട്ടുള്ള സാഹചര്യങ്ങൾ പരിഗണിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന തീരുമാനത്തിന് മാറ്റം വരുത്തണമെങ്കിൽ അതിന് രൂപതാ കേന്ദ്രത്തിൽ നിന്ന് രേഖാമൂലം അനുവാദം വാങ്ങേണ്ടതാണ്.

**22.** കുടുംബക്കല്ലറയിൽ അതിന്റെ ന്യായമായ അവകാശിയല്ലാത്ത അതേകുടുംബത്തിൽപ്പെട്ട മറ്റൊരാളെ സംസ്കരിക്കുന്നതിന് കല്ലറയുടെ അവകാശിയുടെ രേഖാമൂലമുള്ള സമ്മതമുള്ളപ്പോൾ

വികാരിക്ക് അനുവദിക്കാവുന്നതാണ്. ഇങ്ങനെ അടക്കേണ്ടി വരുമ്പോൾ പ്രസ്തുത കല്ലറയുടെ അതാതുകാലത്തെ നിരക്കിന്റെ 20% നൽകേണ്ടതാണ്. ഇപ്രകാരം അടക്കപ്പെട്ടയാളിന്റെ അനന്തരാവകാശികൾക്ക് പ്രസ്തുത കല്ലറയിന്മേൽ തുടർന്ന് യാതൊരവകാശവും ഉണ്ടായിരിക്കുകയില്ല.

**15. a.** കുടുംബക്കല്ലറയിൽ ന്യായമായ അവകാശിയെ സംസ്കരിക്കുന്നതിന് ഇനിമുതൽ പ്രത്യേക നിരക്ക് ഉണ്ടായിരിക്കുന്നതല്ല.

2011 ഫെബ്രുവരി 20 മുതൽ ഈ ഭേദഗതി പ്രാബല്യത്തിൽ വരുന്നതാണ്.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2011 ജനുവരി മാസം 6 -ാം തീയതി നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

CHANCELLOR DIOCESE OF MANANTHAVADY

JOSE PORUNNEDOM BISHOP OF MANANTHAVADY

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 10227/2010***

## യവനാർകുളം സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി കത്തോലിക്കാ രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, യവനാർകുളത്ത് പരിശുദ്ധ കന്യാമറിയത്തിന്റെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

പോരൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ യവനാർകുളം, കുളത്താട, ഒരപ്പ്, ആറോല പ്രദേശങ്ങളിൽ താമസിക്കുന്ന സീറോ-മലബാർ കുടുംബങ്ങൾക്ക് ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനായി പോരൂർ പള്ളിയിലേയ്ക്ക് എത്തുന്നതിന് ദൂരം വളരെ കൂടുതലായതിനാലും യാത്രാ സൗകര്യം തീരെ പരിമിതമായതിനാലും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ താമസിക്കുന്നവർക്കായി ഒരു ദേവാലയം ഉണ്ടാകുക എന്നത് പ്രസ്തുത പ്രദേശവാസികളായ വിശ്വാസികളുടെ വളരെക്കാലമായുള്ള ആഗ്രഹമായിരുന്നു. ഈ ആവശ്യം മുമ്പ് പല അവസരങ്ങളിലായി ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരു ദേവാലയത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ ഈ ആവശ്യം നിറവേറ്റുവാൻ സാധിച്ചിരുന്നില്ല. 2005 – ൽ ബഹുമാനപ്പെട്ട ചാണ്ടി പുനക്കാട്ടച്ചൻ പോരൂർപള്ളി വികാരിയായിരുന്ന അവസരത്തിൽ യവനാർകുളം പള്ളിയ്ക്കായി 1 ഏക്കർ 87 സെന്റ് സ്ഥലം വാങ്ങുകയും മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്നും പോരൂർ ഇടവകയിൽ നിന്നും

മേൽപറഞ്ഞ പ്രദേശവാസികളായ വിശ്വാസികളിൽ നിന്നും സമാഹരിച്ച പണം ഉപയോഗിച്ച് ഒരു കപ്പേള നിർമ്മിക്കുകയും 2005 മെയ് മാസം 05 –ാം തീയതി മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പ്രസ്തുത കപ്പേള ആശീർവ്വദിക്കുകയും ചെയ്തു. അന്നുമുതൽ ഞായറാഴ്ചകളിലും മറ്റു പ്രധാന ദിവസങ്ങളിലും വിശുദ്ധ കുർബ്ബാന അർപ്പിച്ചു വരികയും കുട്ടികൾക്ക് മതബോധനവും മറ്റും നടത്തിവരികയും ചെയ്തിരുന്നു. അധികം താമസിയാതെ തന്നെ സ്വന്തമായി സിമിത്തേരിയും നിർമ്മിക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ താമസിക്കുന്നവരും പോരൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗങ്ങളുമായ 186 കത്തോലിക്കാ കുടുംബങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ബഹുമാനപ്പെട്ട ചാണ്ടി പുനക്കാട്ടച്ചന്റെ ശുപാർശയും പോരൂർ ഇടവകയുടെ 08–08–2004 –ാം തീയതി നടന്ന പാരീഷ് കൗൺസിലിന്റെ തീരുമാനം നമ്പർ 4 പ്രകാരവും 14–1–2004 –ാം തീയതി നടന്ന പൊതുയോഗത്തിന്റെ തീരുമാനം നമ്പർ 11 പ്രകാരവും 2005 മെയ് മാസം 5 –ാം തീയതി മുതലുള്ള മുൻകാല പ്രാബല്യത്തോടെ ഒരു സ്വതന്ത്ര കുരിശുപള്ളി സെന്റ് മേരീസ് പള്ളി എന്ന പേരിൽ, യവനാർകുളം കേന്ദ്രമാക്കി മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം 2007 ജനുവരി 25 ന് സ്ഥാപിക്കുകയും ബഹു. ചാണ്ടി പുനക്കാട്ടച്ചനെ വികാരിയായി നിയമിക്കുകയും ചെയ്തു. പിന്നീട് 2008 ൽ പോരൂർ പള്ളി വികാരിയായി വന്ന ബഹുമാനപ്പെട്ട തോമസ് മണക്കുന്നേലച്ചനെ യവനാർകുളം സ്വതന്ത്ര കുരിശുപള്ളിയുടെ വികാരിയായി നിയമിച്ചു. അച്ചൻ പള്ളിയ്ക്കായി അര ഏക്കർ സ്ഥലംകൂടി വാങ്ങിച്ചു. തുടർന്ന് 2009 മെയ് 17 –ാം തീയതി മുതൽ ബഹു. ഷാജു മുളവേലിക്കുന്നേലച്ചനെ സ്വതന്ത്ര കുരിശുപള്ളിയുടെ വികാരിയായി നിയമിച്ചു. ബഹു. ഷാജു അച്ചന്റെ അശ്രാന്തമായ പരിശ്രമവും തീഷ്ണതയേറിയ അജപാലന പ്രവർത്തനവും ഇടവകക്കാരുടെ സഹകരണവും മൂലം 1 ഏക്കർ 71 സെന്റ് സ്ഥലം കൂടി പള്ളിക്കായി വാങ്ങാൻ സാധിച്ചു. 2010 മെയ് 5 ന് പുതിയ പള്ളിമുറിയുടെ തറക്കല്ലിടുകയും ചെയ്തു. പ്രസ്തുത നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഏറെ ത്യാഗപൂർവ്വം ജീവിതം നയിച്ച്, ചുരുങ്ങിയ കാലം കൊണ്ട് സ്വതന്ത്ര കുരിശുപള്ളിയായ യവനാർകുളം സെന്റ് മേരീസ് പള്ളിയെ ആത്മീയവും ഭൗതീകവുമായ വളർച്ചയിലേയ്ക്ക് നയിച്ച ഷാജു മുളവേലിക്കുന്നേലച്ചനെ പ്രത്യേകം അനുമോദിക്കുന്നു. നവംബർ 7 ന്

യവനാർകുളം കുരിശുപള്ളി സന്ദർശിച്ച അവസരത്തിൽ ഒരു ഇടവക യായി സ്ഥാപിക്കുന്നതിനുള്ള ആഗ്രഹം എന്നെ അറിയിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം സ്വതന്ത്ര അജപാലന പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുന്ന യവനാർകുളം സ്വതന്ത്ര കുരിശുപള്ളിയെ ആ പ്രദേ ശത്തെ ദൈവജനത്തിന്റെ താൽപ്പര്യം പരിഗണിച്ചും 2009 മാർച്ച് 14 ന് കൂടിയ പൊതുയോഗത്തിന്റെ 4 -ാം നമ്പർ തീരുമാനം കണക്കിലെ ടുത്തും 2010 ഡിസംബർ 6 ന് ചേർന്ന വൈദിക സെനറ്റിന്റെ (Presbyteral Council) അഭിപ്രായം കണക്കിലെടുത്തും രൂപതാ മെത്രാൻ എന്ന നില യിൽ എനിക്കുള്ള അധികാരമുപയോഗിച്ച് നമ്മുടെ കർത്താവിന്റെ നാമ കരണ തിരുനാളായ 2011 ജനുവരി 1 മുതൽ സ്വതന്ത്ര ഇടവകയായി ഉയർത്തുന്നു. സെന്റ് മേരീസ് ചർച്ച് യവനാർകുളം എന്നതായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിലുള്ള മറ്റിടവക കൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും ഉത്തര വാദിത്വങ്ങളും അന്നുമുതൽ പ്രസ്തുത ഇടവകയ്ക്ക് ഉണ്ടായിരിക്കുന്ന താണ്.

താഴെ പറയുന്ന അതിർത്തികൾക്കുള്ളിൽ താമസിക്കുന്നവരും ഇനി അവിടെ താമസക്കാരായി വരുന്നവരുമായ സീറോ-മലബാർ സഭാം ഗങ്ങൾ ഇനിമുതൽ മേൽ ഇടവകയുടെ അംഗങ്ങളായിരിക്കും.

**അതിർത്തികൾ**

കിഴക്ക് - മാനന്തവാടി - ഒരപ്പ് പുഴ

തെക്ക് - മാനന്തവാടി - ഒരപ്പ് പുഴ

പടിഞ്ഞാറ് - ആക്കപ്പടിക്കൽ വർഗ്ഗീസ്, മഠത്തിൽ മനോജ്, ഏറത്ത് ഫ്രാൻസീസ് എന്നിവരുടെ വീടിനു മുമ്പിലൂടെയുള്ള റോഡ്

വടക്ക് - മുതിരേരി - ചാത്തം കീഴ്പാലം

ഇടവകയുടെ പ്രഥമ വികാരിയായി ബഹുമാനപ്പെട്ട മുളവേലി ക്കുന്നേൽ ഷാജു അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കു കയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനു സരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മ യ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

പുതിയ ഇടവകയുടെ ബഹുമാനപ്പെട്ട വികാരിയച്ചനെയും,

അവിടെ സേവനം ചെയ്യുന്ന ചെറുപുഷ്പസമൂഹത്തിലെ സിസ്റ്റേഴ്സി നെയും, കൈക്കാരന്മാർ, വാർഡ്പ്രതിനിധിയംഗങ്ങൾ എന്നിവരെയും ഇടവക ജനത്തെയും, നല്ല ഇടയനായ ഈശോ തന്റെ അമ്മയും ഇടവ കയുടെ മദ്ധ്യസ്ഥയുമായ പരി. കന്യാമറിയത്തിന്റെ മദ്ധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാ വിന്റെ സഹവാസവും + നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 ഡിസംബർ മാസം 29 –ാം തീയതി നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 10288/2011***

## <u>മൂലങ്കാവ് സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി</u>

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, മൂലങ്കാവ് സെന്റ് ജൂഡ് സ്വതന്ത്ര കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

1993-ൽ ബഹു. പ്ലാത്തോട്ടത്തിൽ ജോസഫ് അച്ചൻ ബത്തേരി പള്ളിയുടെ വികാരിയായിരിക്കുന്ന കാലത്ത് മൂലങ്കാവ് ടൗണിൽ 2 സെന്റ് സ്ഥലം വാങ്ങി അവിടെ വി.സെബസ്ത്യാനോസിന്റെ നാമത്തിൽ ഒരു കൊച്ചു കപ്പേള സ്ഥാപിച്ചു. 2002-ൽ ബഹു.തോമസ് തൈക്കുന്നുംപുറത്തച്ചൻ വികാരിയായിരുന്ന കാലത്ത് കപ്പേള വലുതാക്കി പണിയുകയും എല്ലാ വെള്ളിയാഴ്ചകളിലും വി.കുർബാനയും വി. യൂദാതദേവൂസിന്റെ നൊവേനയും ആരംഭിക്കുകയും ചെയ്തു. ആ വർഷം തന്നെ മാനന്തവാടി രൂപതയുടെ മെത്രാനായിരുന്ന മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവ് എല്ലാ ഞായറാഴ്ചകളിലും അവിടെ ദിവ്യബലി അർപ്പിക്കുന്നതിനും, മൂന്നാം ക്ലാസുവരെയുള്ള കുട്ടികൾക്ക് മതബോധനം നടത്തുന്നതിനും അനുവാദം നൽകി. 2006 ഏപ്രിൽ 24-ാം തീയതി ബത്തേരി അസംപ്ഷൻ പള്ളിവികാരിയായിരുന്ന ബഹു.ജോർജ് മമ്പള്ളിൽ അച്ചന്റെ നേതൃത്വത്തിൽ മൂലങ്കാവ് ടൗണിനടുത്തായി ഒരേക്കർ സ്ഥലം വാങ്ങുകയും, ദേവാലയം, സൺഡേസ്കൂൾ, പള്ളിമുറി എന്നിവയ്ക്കൊക്കെ ഉപകരിക്കുന്ന ഒരു വിവിധോദ്ദേശ ഹാൾ നിർമ്മിക്കുകയും 2008 നവംബർ 1-ാം തീയതി മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം അതു വെഞ്ചരിക്കുകയും ചെയ്തു.

വിസ്തൃതമായ ബത്തേരി അസംപ്ഷൻ ഇടവക ദേവാലയത്തിൽ

നിന്ന് 6 കിലോമീറ്റർ അകലെയാണ് മൂലങ്കാവ് കുരിശുപള്ളി. മൂലങ്കാവ് കുരിശുപള്ളിയുടെ ഒരതിർത്തിയായ മുത്തങ്ങ തകരപ്പാടി ഭാഗം അസംപ്ഷൻ പള്ളിയിൽ നിന്ന് 14 കി.മീ. അകലെയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് 17-03-2009 ന് ബഹു. ജോർജ് മമ്പള്ളിയച്ചൻ മൂലങ്കാവ് കുരിശുപള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യുകയും ഈ ശുപാർശ 17-03-2009 ന് ചേർന്ന വൈദിക സമിതി അംഗീകരിക്കുകയും ചെയ്തു. 19-04-2009 ന് ചേർന്ന ബത്തേരി ഫൊറോന പള്ളിയുടെ വാർഷിക പൊതുയോഗവും, മൂലങ്കാവുകാരായ 200 പേർ ഒപ്പിട്ട ഒരപേക്ഷയും മൂലങ്കാവ് കുരിശുപള്ളിയെ ഒരു സ്വതന്ത്രകുരിശുപള്ളിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് മൂലങ്കാവ് സെന്റ് ജൂഡ് കുരിശുപള്ളിയെ 2009 മെയ് 3 മുതൽ സ്വതന്ത്രമായ പൊതുയോഗവും, കൈക്കാരന്മാരും, കണക്കുമുള്ള ഒരു സ്വതന്ത്രകുരിശുപള്ളിയായി ഉയർത്തിയിരുന്നു. ഇപ്രകാരം സ്വതന്ത്ര അജപാലന പ്രവർത്തനങ്ങളുമായി മുൻപോട്ടു പോകുന്ന മൂലങ്കാവ് സ്വതന്ത്ര കുരിശുപള്ളിയെ ആ പ്രദേശത്തെ ദൈവജനത്തിന്റെ താല്പര്യം പരിഗണിച്ചും 2010 ഡിസംബർ 6-ന് ചേർന്ന വൈദിക സമിതിയുടെ (Presbyteral Council) അഭിപ്രായം കണക്കിലെടുത്തും രൂപത മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാരമുപയോഗിച്ചും 2011 ജനുവരി 15 മുതൽ സ്വതന്ത്ര ഇടവകയായി ഉയർത്തുന്നു. സെന്റ് ജൂഡ്സ് ചർച്ച് മൂലങ്കാവ് എന്നതായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിലുള്ള മറ്റ് ഇടവകകൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നു മുതൽ പ്രസ്തുത ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

താഴെ പറയുന്ന അതിർത്തികൾക്കുള്ളിൽ താമസിക്കുന്നവരും ഇനി താമസക്കാരായി വരുന്നവരുമായ സീറോ-മലബാർ സഭാംഗങ്ങൾ ഇനിമുതൽ മേൽ ഇടവകയുടെ അംഗങ്ങളായിരിക്കും.

**അതിർത്തികൾ**

വടക്ക് - ഓടപ്പള്ളം ഗവ.ഹൈസ്കൂൾ, ഫോറസ്റ്റ് വിത്സൺ നമ്പ്യാപറമ്പിലിന്റെ കുടുംബം ഉൾപ്പടെയുള്ള ഭാഗം.

കിഴക്ക് - മുത്തങ്ങ, തകരപ്പാടി, ആലീസ് മൈക്കിളിന്റെ കുടുംബം ഉൾപ്പടെയുള്ള ഭാഗം.

തെക്ക് - തൊടുവട്ടി ചെക്ക് ഡാം പ്രദേശത്ത് അയിനിമൂട്ടിൽ ലില്ലിയുടെ കുടുംബം ഉൾപ്പെടുന്ന ഭാഗം.

പടിഞ്ഞാറ് - തിരുനെല്ലി ഹൗസിംഗ് കോളനിയിൽ ജോസ് പാലാട്ടിയുടെ കുടുംബം ഉൾപ്പെടുന്ന ഭാഗം വരെ.

സ്വതന്ത്രമായ ഒരു സെമിത്തേരി ഉണ്ടാകുന്നതുവരെ ബത്തേരി

അസംപ്ഷൻ പള്ളിയുടെ സിമിത്തേരി ഉപയോഗിക്കാൻ മൂലങ്കാവ് ഇടവകയിൽപ്പെട്ടവർക്ക് അവകാശമുണ്ടായിരിക്കും.

ഇടവകയുടെ പ്രഥമ വികാരിയായി ഇപ്പോൾ മൂലങ്കാവ് സെന്റ് ജൂഡ് സ്വതന്ത്രകുരിശുപള്ളിയുടെ വികാരിയായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട ചക്കാലയിൽ മാത്യു CST അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രയത്നിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. മൂലങ്കാവ് സ്വതന്ത്ര കുരിശുപള്ളിയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച എല്ലാവരെയും മുൻ വികാരിമാരായിരുന്ന ബഹു. ജോർജ് മമ്പള്ളിയച്ചൻ, ബഹു. സ്റ്റീഫൻ കോട്ടയ്ക്കൽ അച്ചൻ, മൂലങ്കാവിന്റെ ഉത്തരവാദിത്വം ഉള്ള വൈദികരായിരുന്ന ബഹു. ജോജോ കുടക്കച്ചിറ അച്ചൻ, ബഹു. ഉലഹന്നൻ പുളിന്താനത്ത് അച്ചൻ എന്നിവരെയും നന്ദിയോടെ അനുസ്മരിക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു. പുതിയ ഇടവകയുടെ ബഹുമാനപ്പെട്ട വികാരിയച്ചനെയും, അവിടെ സേവനം ചെയ്യുന്ന ക്ലൂണി സമൂഹത്തിലെ ബഹു. സഹോദരിമാരെയും, കൈക്കാരന്മാർ, കമ്മിറ്റിക്കാർ എന്നിവരെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ, ഇടവകയുടെ മധ്യസ്ഥനായ വി. യൂദാ തദേവൂസിന്റെ മധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2011 ജനുവരി മാസം 7–ാം തീയതി നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

CHANCELLOR
DIOCESE OF MANANTHAVADY

JOSE PORUNNEDOM
Not to be served, But to serve
BISHOP OF MANANTHAVADY

# രൂപതാകച്ചേരി വാർത്തകൾ

**ആദരാഞ്ജലികൾ**



മാനന്തവാടി നോർബർട്ടൈൻ സഭയിലെ വൈദികൻ ഫാ. ജോബി വെട്ടുകല്ലുങ്കൽ 2011 ജനുവരി 13-ാം തീയതി വാഹനാപകടത്തിൽ മരണമടഞ്ഞു. 2011 ജനുവരി 4-ന് സ്വന്തം ഇടവകയായ മരക്കടവ് സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് മണ്ഡ്യ രൂപത മെത്രാൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിൽനിന്ന് വൈദിക പട്ടം സ്വീകരിച്ച ഇദ്ദേഹം മരക്കടവ് ഇടവകയിൽ നിന്നുള്ള ഏക വൈദികനായിരുന്നു. മൃതദേഹം സ്വന്തം ഇടവകയായ മരക്കടവ് പള്ളിയിലും തുടർന്ന് 14-ാം തീയതി 12 മണിയോടെ നോർബെർട്ട് ഹൗസിലും പൊതുദർശനത്തിനു വച്ചു. ഉച്ചയ്ക്ക് ശേഷം 3.30 ന് നടന്ന സംസ്കാര ശുശ്രൂഷകൾ മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, മണ്ഡ്യ രൂപതയുടെ മെത്രാൻ മാർ ജോർജ് ഞരളക്കാട്ട് എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. നൂറുകണക്കിന് വൈദികരും സമർപ്പിതരും അൽമായ സഹോദരങ്ങളും ശുശ്രൂഷകളിൽ പങ്കെടുത്തു.

അകാലത്തിൽ മരണമടഞ്ഞ ജോബിയച്ചന് ദൈവം നിത്യ സമ്മാനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹു.ജോബിയച്ചന്റെ സ്മരണയ്ക്കു മുൻപിൽ മാനന്തവാടി രൂപത മുഴുവന്റെയും പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ.

**തിരുബാലസഖ്യദിനം - ഫെബ്രുവരി 13**

ഫെബ്രുവരി 13 തിരുബാല സഖ്യദിനമായി ആചരിക്കുന്നു. തിരുബാല സഖ്യത്തിന്റെ പ്രവർത്തനത്തിനായി അയച്ചു കൊടുക്കുന്ന

തിന് അന്നത്തെ സ്തോത്രക്കാഴ്ച കഴിവതും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**പാസ്റ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2011 ഫെബ്രുവരി 12 ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുമുഖേന അറിയിച്ചിട്ടുണ്ട്.

**നന്ദിയും സ്വാഗതവും**

കഴിഞ്ഞ ഒരു വർഷം അമ്പലവയൽ, ചുങ്കക്കുന്ന്, മുള്ളൻകൊല്ലി, തരിയോട് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിമാരായി സ്തുത്യർഹമായ സേവനം ചെയ്ത ശേഷം സഭാസമൂഹത്തിലേയ്ക്ക് തിരികെ പോകുന്ന ബഹു. റെനിൻ ചന്ദ്രൻകുന്നേൽ O.Praem, ബഹു. സിബി തടത്തിൽ O.Praem, ബഹു. തോമസ് ഓലിയ്ക്കൽ MCBS, ബഹു. ജിജു വലിയകണ്ടത്തിൽ MS എന്നിവർക്ക് രൂപതയുടെ നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തന മേഖലകളിൽ വിജയാശംസകൾ നേരുന്നു.

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നു വന്നിരിക്കുന്ന ബഹു. ജോസഫ് പെരുമ്പാംപള്ളി CMI, ബഹു ഫ്രാൻസിസ് തകടിയേൽ CMI, ബഹു. മനോജ് തോട്ടുംകര O.Praem, എന്നീ വൈദീകർക്ക് ഹൃദ്യമായ സ്വാഗതവും പ്രവർത്തന രംഗങ്ങളിൽ വിജയങ്ങളും ആശംസിക്കുന്നു.

## Transfer & Appointments

| | | |
|---|---|---|
| Rev Fr Shantidas Muthukattil | : | Eparchial Judicial Vicar |
| Rev Fr Manoj Kakkonal | : | Pro-Vicar, Deepthigiri |
| Rev. Fr. Chacko Pullankunnel | : | Asst. Vicar, Cathedral |
| Rev. Fr. Mathew Edakkudiyil | : | Asst. Vicar, Chungakkunu |
| Rev. Fr. Joseph Kalambukattu | : | Asst.Vicar, Mullenkolly |
| Rev. Fr. George Palathadathil | : | Asst. Vicar, Thariode |
| Rev. Fr. Sebastian Punnackapadavil | : | Asst. Vicar, Ambalavayal |
| Rev. Fr. Joseph Perumbampally CMI | : | Asst. Vicar, Ambayathode |
| Rev. Fr. Francis Thakadiyeel CMI | : | Asst. Vicar, Kalpetta |
| Rev. Fr. Manoj Thottumkara O.Praem | : | Asst. Vicar, Marakavu |

**പുതിയ ഫോൺ നമ്പർ**

തേൾപ്പാറപള്ളി – 04931 – 262055, മുണ്ടേരിപള്ളി –04931–209457

ഫാ. ബിനോയി കാശാംകുറ്റിയിൽ – 9947659523

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

# *വിദ്യാഭ്യാസ സഹായനിധി*

മാനന്തവാടി രൂപത വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2011 മാർച്ച് 31 ആണ്. അതിനുശേഷം യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഈ ബുള്ളറ്റിനൊപ്പമുള്ള അപേക്ഷാ ഫോറം ലഭിക്കാതെ വന്നാൽ വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ നിന്ന് പ്രസ്തുത ഫോറം വാങ്ങിക്കുമല്ലോ.

**അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

1) ഈ ബുള്ളറ്റിനോടൊപ്പം അയയ്ക്കുന്ന ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കോപ്പിയെടുത്ത് ഓരോ കുട്ടിക്കും, ഓരോ ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.
2) വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക കമ്മറ്റിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.
3) 2011–2012 അധ്യയനവർഷത്തിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായവരുടെ ലിസ്റ്റാണ് അയയ്ക്കേണ്ടത്.
4) കുട്ടിയുടെ പേര്, മാമ്മോദീസ പേര്, വീട്ടുപേര്, എന്നിവ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം.
5) ഓരോ ഇടവകയിൽ നിന്നും അഞ്ചു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടിയാണ് നൽകേണ്ടത്. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല. പണലഭ്യത അനുസരിച്ച് മാത്രമായിരിക്കും സഹായം ലഭിക്കുന്നത്.
6) 12-ാം ക്ലാസ് കഴിയാത്ത വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരെ ഉൾപ്പെടുത്താവുന്നതാണ്.

*അയയ്ക്കേണ്ട വിലാസം* :– **The Secretary**
**Diocesan Education Aid Fund**
**Bishop's House, P. B. No.1**
**Mananthavady - 670 645**

NB:- Education Aid Fund – ലേക്കുള്ള പിരിവ് ദയവായി എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

## START COURSE ലേക്ക് സ്കോളർഷിപ്പ്

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന START (St. Thomas Academy for Research and Training) എന്ന പരിശീലന കേന്ദ്രത്തിൽ ഉപരിപഠനത്തിന് ഒരുക്കമായിട്ടുള്ള ഒരു വർഷത്തെ അടിസ്ഥാന പരിശീലനത്തിൽ സംബന്ധിക്കുവാൻ രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സഹായത്തോടെ പഠിക്കുകയും ഈ വർഷം പ്ലസ്ടു പാസ്സാകുകയും ചെയ്യുന്ന 10 പേർക്ക് അവസരമൊരുക്കുന്നു. ഇംഗ്ലീഷ്, കണക്ക്, ധനതത്വശാസ്ത്രം, ലോകചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, വ്യക്തിത്വ വികാസം, നിയമം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. അതോടൊപ്പം ധാർമ്മികതയിലും, ക്രിസ്ത്യൻ മൂല്യങ്ങളിലും അധിഷ്ഠിതമായ പരിശീലനമാണ് ഇവിടെ ലഭിക്കുന്നത്. ഈ കോഴ്സിനുശേഷം ലോ യൂണിവേഴ്സിറ്റികൾ, കേന്ദ്രഗവൺമെന്റിന്റെ ഹൈദരാബാദിലും, പോണ്ടിച്ചേരിയിലുമുള്ള സെൻട്രൻ യൂണിവേഴ്സിറ്റികൾ, മൈസൂറിലുള്ള ഓഡിയോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫൂഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇൻടഗ്രേറ്റഡ് BEd, എന്നീ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ, NDA, NID, IIT, VIT, IAS, IPS, ICAR, മെഡിസിൻ, എൻജിനിയറിംങ്, ജേർണ്ണലിസം എന്നിവയുടെ എൻട്രൻസുകൾക്കും ഈ കോഴ്സ് ഉപകരിക്കുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന നിബന്ധനകൾ വായിച്ച് മാർച്ച് 31–ന് മുൻപായി വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക.

മേൽവിലാസം :– Secretary,
Diocesan Education Aid Fund
Bishop's House, P.B. No. 1,
Mananthavady - 670 645

**നിബന്ധനകൾ:**

1. അപേക്ഷകർ മാനന്തവാടി രൂപതാ വിദ്യാഭ്യാസ സഹായനിധി യുടെ സ്കോളർഷിപ്പ് സ്വീകരിച്ച് പഠിച്ചവരായിരിക്കണം.
2. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ എളുപ്പമുള്ളവരും പ്ലസ് ടു പാസ്സാകുമെന്ന് ഉറപ്പുള്ളവരുമായിരിക്കണം.
3. 10-ാം ക്ലാസ് മതബോധന ഡിപ്ലോമ കരസ്ഥമാക്കിയവരോ, പ്ലസ് ടു കഴിയാത്തവരാണെങ്കിൽ ഇപ്പോൾ മതബോധനത്തിൽ പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.
4. ബഹു. വികാരിയച്ചന്റെ ശുപാർശ നിർബന്ധമാണ്.
5. അപേക്ഷകർക്ക് interview ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സജി നെടുങ്കല്ലേൽ**
രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറി

# സെമിനാരി വാർത്തകൾ

തലശ്ശേരി മൈനർ സെമിനാരിയിൽ വച്ചുനടന്ന മലബാർ ഇന്റെർ സെമിനാരി മീറ്റിൽ നമ്മുടെ സെമിനാരി വിദ്യാർത്ഥികൾ അഭിമാനാർഹ ങ്ങളായ വിജയങ്ങൾ നേടി. ബാസ്കറ്റ്ബോൾ മത്സരത്തിൽ നമ്മുടെ ടീം രണ്ടാംസ്ഥാനവും മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ജന്മശതാബ്ദി പ്രസംഗമത്സരത്തിൽ ബ്ര. അജയ് തേക്കിലക്കാട്ടിൽ, ബ്ര. കിഷോർ പന്തയ്ക്കൽ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തി ക്യാഷ് അവാർഡും സ്വന്തമാക്കി സെമിനാരിയുടെ യശസ്സുയർത്തി. വിജയികൾക്ക് അഭിനന്ദനങ്ങളും ബാസ്കറ്റ്ബോൾ ടീമിന് പരിശീലനം നൽകിയ റവ.ഫാ. സിജീഷ് പുല്ലംകുന്നേലിന് നന്ദിയും അറിയിക്കുന്നു.

റെക്ടർ,
**ഫാ. തോമസ് കച്ചിറയിൽ**
(മൗണ്ട്മേരി കോളേജ്)

# വൊക്കേഷൻ ബ്യൂറോ

## ദൈവവിളി ക്യാമ്പ്

പഠനത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കുന്ന കുട്ടികൾക്ക് ദൈവവിളി തിരിച്ചറിയുവാൻ സഹായിക്കുന്ന ക്യാമ്പ് എല്ലാവർഷവും രൂപതാതലത്തിൽ നടത്താറുണ്ട്. ഈ വർഷം രൂപതാതലത്തിലുള്ള ക്യാമ്പുകൾക്ക് പകരമായി റീജിയൺ തലത്തിൽ ഏകദിന ക്യാമ്പുകളാണ് (ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമൊരുമിച്ച്) നടത്തപ്പെടുക.

മാർച്ച് മാസം അവസാന തീയതികളിൽ SSLC, +2 പരീക്ഷകൾ കഴിയുന്ന ഉടനെതന്നെയായിരിക്കുമിത്.

ദൈവവിളിക്യാമ്പിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാണിങ്ങനെ ക്രമപ്പെടുത്തിയിരിക്കുന്നത്.

**ശ്രദ്ധിക്കേണ്ടവ**

1) റീജിയണുകളും, സമയവിവരവും അടുത്ത മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.
2) ഈ ഏകദിന ക്യാമ്പുകൾക്ക് ശേഷം മാത്രമേ വിവിധ സന്യാസ സമൂഹങ്ങൾ അവരുടെ ക്യാമ്പുകൾ സംഘടിപ്പിക്കാവൂ.
3) ഈ ക്യാമ്പിൽ പങ്കെടുത്തവർക്ക് മാത്രമേ വിവിധ സന്യാസസമൂഹങ്ങളിൽ ചേരാൻ NOC നൽകുകയുള്ളൂ.
4) വൊക്കേഷൻ പ്രൊമോട്ടേഴ്സ് ക്യാമ്പവസരത്തിൽ കുട്ടികളെ കാണുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ diocesan Vocation promoter നിൽ നിന്നും അനുവാദം വാങ്ങിച്ചിരിക്കണം.

ബഹു. അച്ചന്മാർ ഈ വിവരം കുട്ടികളോട് നേരത്തെതന്നെ പറഞ്ഞറിയിക്കുമല്ലോ. ധാരാളം കുട്ടികൾ ക്യാമ്പിൽ സംബന്ധിക്കാതെ NOC വാങ്ങുവാൻ വരുന്ന പ്രവണത കൂടി വരുന്നത് നിയന്ത്രിക്കണമല്ലോ. ദയവായി സഹകരിക്കണേ.

**Address:**
Mount Mary College
P.B.No.1, Mananthavady
Wayanad - 670 645

**Fr. Thomas Kachirayil**
Ph: 9446892434
**Fr. Sebin Aikkarathazhath**
Ph: 9744801625

## മതബോധനരംഗം

### HDC പരീക്ഷകൾ

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HDC (Higher Diploma in Catechesis) എഴുത്തു പരീക്ഷ ഫെബ്രുവരി 12 ന് ശനിയാഴ്ച രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിലും, മണിമൂളിയിലുമായി രണ്ടു കേന്ദ്രങ്ങളിൽ നടത്തുന്നു. വാചാപരീക്ഷ ദ്വാരകയിൽ ഫെബ്രുവരി 26, 27 ദിവസങ്ങളിലും മണിമൂളിയിൽ മാർച്ച് 3 -ാം തീയതിയുമായിരിക്കും.

### HCC (Plus One & Plus Two) പരീക്ഷകൾ

മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ ഫെബ്രുവരി 13 ന് ഞായറാഴ്ച രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ നിശ്ചയിച്ച കേന്ദ്രങ്ങളിൽ പരീക്ഷ നടത്തുന്നു. ആവശ്യമായ ക്രമീകരണങ്ങൾ ഇടവകയിൽ പരീക്ഷാകേന്ദ്രങ്ങളിലും, ഫൊറോനാ ടീം അംഗങ്ങളും, പരീക്ഷാ സെന്ററിലുള്ളവരും ചെയ്യുമല്ലോ. ഹാൾ ടിക്കറ്റില്ലാതെ വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

### ചോദ്യപേപ്പർ

ചോദ്യപേപ്പർ, കുട്ടികൾക്ക് പരീക്ഷ എഴുതുവാനുള്ള Answer Book, Additional sheet മുതലായവ ഫെബ്രുവരി 11 -ാം തീയതി ഫൊറേന സെക്രട്ടറിമാർ രൂപതാ ഓഫീസിൽ നിന്നും എടുക്കേണ്ടതാണ്.

### ഇന്റേണൽ അസ്സസ്സ്മെന്റ്

XI, XII ക്ലാസുകളിലെ കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ പരീക്ഷാ ദിവസംതന്നെ ഫൊറോന സെക്രട്ടറിയെ ഏൽപ്പിക്കണം.

X -ാം ക്ലാസ്സിലെ കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് അവരുടെ ഡിപ്ലോമാ പരീക്ഷാ പേപ്പറിന്റെ ഒപ്പം അയച്ചാൽ മതി.

## അദ്ധ്യാപക, വിദ്യാർത്ഥി പഠന സംഗമം

കൽപ്പറ്റ ഫൊറോനയിലെ അദ്ധ്യാപകരുടെയും, XII -ാം ക്ലാസ്സ് കുട്ടികളുടെയും പഠനസംഗമം കൽപ്പറ്റ ഡി പോൾ ദൈവാലയത്തിൽ ജനുവരി 2 –ാം തീയതി നടത്തി. പങ്കെടുത്ത അദ്ധ്യാപകർക്കും, കുട്ടി കൾക്കും അഭിനന്ദനങ്ങൾ. ഫൊറോന ഡയറക്ടർ ബഹു. ബിജു കോയിക്കാട്ടിലച്ചൻ, ഫൊറോന വികാരി ബഹു. ജോസ് കൊച്ചറയ്ക്ക ലച്ചൻ, ഫൊറോന സെക്രട്ടറി ശ്രീ. മാണി സാർ, ഫൊറോന ടീം അംഗ ങ്ങൾ, കല്പ്പറ്റ ഇടവകയിലെ മതാദ്ധ്യാപകർ, രൂപതാ ടീം അംഗങ്ങ ളായ ശ്രീ. തോമസ് ഏറണാട്ട്, ശ്രീ. ബേബി ചക്കാലയ്ക്കൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. സജി നരിവേലിൽ, ശ്രീ. വർക്കി നിരപ്പേൽ, ശ്രീ. ബെന്നി വട്ടയ്ക്കാമുളയിൽ, ശ്രീ. ഷാജു മംഗലത്ത് എന്നിവർക്കും പ്രത്യേകം നന്ദി.

## പ്രധാനാധ്യാപക സമ്മേളനം

ജനുവരി 8 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ രൂപതാ വികാരി ജനറാൾ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ രൂപ തയിലെ ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം നടത്തി. രൂപതാ ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിലച്ചൻ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശം സിച്ചു. രൂപതയുടെ പുതിയ വികാരി ജനറാളായി നിയമിക്കപ്പെട്ട ബഹു. മാത്യു അച്ചന് രൂപതാ മതബോധന ടീം അംഗം ശ്രീ. ബെന്നി വട്ട യ്ക്കാമുളയിൽ ആശംസകളർപ്പിച്ചു.

പരിശുദ്ധ പിതാവ് ബെനഡിക്ട് 16 –ാമൻ മാർപാപ്പ 2010 സെപ്റ്റം ബറിൽ പുറത്തിറക്കിയ 'കർത്താവിന്റെ വചനം' എന്ന അപ്പസ്തോ ലിക ലേഖനത്തെ ആസ്പദമാക്കി ബഹു. ജനറാളച്ചൻ ക്ലാസ്സ് നയിച്ചു. ദൈവവചനത്തിന്റെ പ്രാധാന്യം ഒന്നുകൂടി ഉറപ്പിക്കുവാൻ, ദൈവവച നവർഷാചരണത്തിനുശേഷം പുറത്തിറക്കിയ 'കർത്താവിന്റെ വചനം' നമ്മെ ആഹ്വാനം ചെയ്യുന്നു. മതബോധനഗ്രന്ഥത്തിന്റെയും ദൈവവച നത്തിന്റെ പ്രാധാന്യം വിശ്വാസപരിശീലനത്തിൽ എത്രമാത്രം ഉണ്ടാ കണം എന്ന് പരി. പിതാവ് വളരെ വ്യക്തമായി പഠിപ്പിക്കുന്നു.

നമ്മുടെ വിശ്വാസപരിശീലന വേദിയിൽ ദൈവവചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി പരിശീലനം നൽകേണ്ട ആവശ്യകതയും, വചനഡയറിയുടെ പ്രാധാന്യവും 'കർത്താവിന്റെ വചന' ത്തിന്റെ അടി സ്ഥാനത്തിൽ ബഹു. ജനറാളച്ചൻ എടുത്തുപറഞ്ഞു.

2010 ആഗസ്റ്റ് മാസത്തിൽ നടന്ന ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ വിഷയമായ 'വിശ്വാസം, ജീവന്റെ സംരക്ഷണത്തിനും സംപൂർണ്ണതയ്ക്കും' എന്ന വിഷയത്തിൽ വിശ്വാസപരിശീലനരംഗത്ത് അനുവർത്തിക്കേണ്ട കാര്യങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ വിശ്വാസോത്സവ പഠനസഹായി പരിചയപ്പെടുത്തി ഡയറക്ടറച്ചൻ സംസാരിച്ചു. വാർഷിക പരീക്ഷയ്ക്ക് മുമ്പായി നടത്തേണ്ട വിശ്വാസോത്സവത്തിന്റെ പ്രാധാന്യം വളരെ പ്രത്യേകം ചർച്ച ചെയ്തു. വിശ്വാസപരിശീലന വേദിയിലെ മറ്റ് വിഷയങ്ങളും ചർച്ചയ്ക്ക് വിധേയമായി. രൂപതാ മതബോധന കോർഡിനേറ്റർ ശ്രീ. വർക്കി നിരപ്പേൽ എല്ലാവർക്കും നന്ദി പറഞ്ഞു. രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിച്ചു.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## ലോഗോസ് 2011

**പുറപ്പാട് 16–20. മാതൃകാചോദ്യങ്ങൾ**

1. മന്നാ – എന്ന ഹീബ്രുപദത്തിന്റെ അർത്ഥം (16.15)
   (a) അപ്പം (b) ഇതെന്ത് (c) പൊടിമഞ്ഞ് (d) കാടപ്പക്ഷി
2. എത്രമാത്രം മന്നാ ശേഖരിക്കാൻ ഇസ്രായേല്യർക്ക് അനുവാദം ഉണ്ടായിരുന്നു (16.16)
   (a) ഒരു കുടുംബത്തിന് ഒരു ഓമെർ (b) ശേഖരിക്കാൻ കഴിയുന്നത്ര (c) ഒരാൾക്ക് രണ്ട് ഓമെർ (d) ഒരാൾക്ക് ഒരു ഓമെർ
3. മന്നാ നൽകപ്പെട്ട സ്ഥലം (16.01)
   (a) ഷൂർ മരുഭൂമി (b) യൂദയാമരുഭൂമി (c) സീനായ് മരുഭൂമി (d) സീൻ മരുഭൂമി
4. മോശ, മാസാ എന്നും മെറീബാ എന്നും സ്ഥലത്തിന് പേരിടാൻ കാരണം (17.07)
   (a) കലഹിച്ചതിനാലും കർത്താവിനെ പരീക്ഷിച്ചതിനാലും
   (b) വെള്ളത്തിന് വേണ്ടി മുറവിളികൂടിയതിനാലും, മോശയെ വെല്ലുവിളിച്ചതിനാലും
   (c) ദൈവത്തിന് എതിരെ പിറുപിറുത്തതിനാലും, മോശയെ കുറ്റം പറഞ്ഞതിനാലും
   (d) മോശയ്ക്കെതിരെ ആവലാതിപ്പെട്ടതിനാലും, ദൈവത്തെ സംശയിച്ചതിനാലും
5. പാറയിലെ അത്ഭുത നീരുറവയുടെ സ്ഥലം (17.06)
   (a) മാറാ (b) റഫിദിം (c) സീനായ് (d) ഹോറെബ്
6. അമലേക്യർക്കെതിരെ യുദ്ധം ജയിച്ചപ്പോൾ മോശ നിർമ്മിച്ച ബലിപീഠം (17.06)

(a) റഫിദിം (b) ഹോറെബ് (c) യാഹ്‌വെനിസ്സി (d) മാസാ

7. മോശയുടെ ഭാര്യയും മക്കളും (18:03-04)
(a) സിപ്പോറ ഗർഷോം എലിയേസർ (b) മിരിയാം ജത്രോ ജോഷ്വാ (c) സിപ്പോറ ജത്രോ ജോഷ്വാ (d) മിരിയാം ഗർഷോം എലിയേസർ

8. എന്റെ പിതാവിന്റെ ദൈവമാണ് എനിക്ക് സഹായം (18.04)
(a) ഗർഷോം (b) എലിയേസർ (c) യാഹ്‌വെനിസ്സി (d) മാസാ

9. എങ്ങനെ ഉള്ളവരെയാണ് ന്യായാധിപന്മാർ ആക്കേണ്ടത് (18.04)
(a) ചട്ടങ്ങളും നിയമങ്ങളും അറിയുകയും പഠിപ്പിക്കുകയും ചെയ്യുന്ന തർക്കങ്ങൾ തീർക്കാൻ കഴിവുള്ളവരെ
(b) ജനസമ്മതർക്കും ദൈവത്തിന്റെ ചട്ടങ്ങളും നിയമങ്ങളും അറിയുന്നവരും നീതി നിർവ്വഹിക്കുന്നവരുമായവരെ
(c) സമർത്ഥരും ദൈവത്തിന്റെ നിയമങ്ങൾ അറിയുന്നവരും സത്യസന്ധരുമായവരെ
(d) കഴിവും ദൈവഭയവുമുള്ളവരും സത്യസന്ധരും കൈക്കൂലി വെറുക്കുന്നവരും ആയ ആളുകളെ

10. റഫിദിമിൽ നിന്നും പുറപ്പെട്ട ഇസ്രായേൽജനം പാളയമടിച്ചത് എവിടെ (19:1-2)
(a) സീൻ മരുഭൂമിയിൽ (b) ഹൊറെബിൽ (c) മെറീബായിൽ
(d) സീനായ് മരുഭൂമിയിൽ

11. ദൈവം കനത്തമേഘത്തിൽ മോശയ്ക്ക് പ്രത്യക്ഷപ്പെട്ടത് എന്തിന് (19:9)
(a) ദൈവത്തിന്റെ മുഖം മോശയും ജനവും കാണാതിരിക്കാൻ
(b) പ്രകാശത്തിൽ വേറിട്ട് കാണുന്നതിനും ജനം ദൈവഭയമുള്ളവരാകുന്നതിനും
(c) ദൈവം സംസാരിക്കുമ്പോൾ ജനം കേൾക്കുന്നതിനും അവർ മോശയെ എപ്പോഴും വിശ്വസിക്കുന്നതിനും
(d) ജനവും മോശയും ദൈവഭയമുള്ളവരാകുന്നതിനും ദൈവത്തിന്റെ ഔന്നത്യം തിരിച്ചറിയുന്നതിനും

12. ആരെയാണ് മോശയോടൊപ്പം മലമുകളിലേക്ക് കൂട്ടിക്കൊണ്ട് ചെല്ലേണ്ടത് (19.24)
(a) ജത്രോയെ (b) സിപ്പോറയെ (c) ജോഷ്വായെ
(d) അഹറോനെ

13. നിന്നെ പുറത്തു കൊണ്ടുവന്നത് ഞാനാണ് - ദൈവം ഇസ്രായേലിനെ എവിടെ നിന്നുമാണ് പുറത്തുകൊണ്ടുവന്നത് (20:1-2)

(a) ഈജിപ്തിലെ അടിമത്തത്തിൽ നിന്ന്  (b) ഫറവോയുടെ അടിമത്തത്തിൽ നിന്ന് (c) അടിമത്തത്തിന്റെ സ്ഥലമായ ഈജിപ്തിൽ നിന്ന് (d) അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന്

14. എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നും നാലും തലമുറവരെ ഞാൻ ശിക്ഷിക്കും. എന്നാൽ, എന്നെ സ്നേഹിക്കുകയും, എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ഞാൻ കരുണ കാണിക്കും (20.6)

(a) പത്തു തലമുറകൾ വരെ  (b) നൂറ് തലമുറകൾ വരെ

(c) ആയിരം തലമുറകൾ വരെ (d) പതിനായിരം തലമുറകൾ വരെ

15. ദൈവമായ കർത്താവ് തരുന്നരാജ്യത്ത് നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് (20.12-13)

(a) സാബത്ത് വിശുദ്ധമായി ആചരിക്കുക

(b) ദൈവത്തെ സ്നേഹിക്കുകയും കല്പനകൾ അനുസരിക്കുകയും ചെയ്യുക.

(c) നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക

(d) അയല്ക്കാരന്റെ ഭാര്യയെയോ അവന്റെ മറ്റെന്തെങ്കിലുമോ മോഹിക്കാതിരിക്കുക.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

**മാധ്യമവർഷം**

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

തിരുനാളുകളും വാർഷികാഘോഷങ്ങളും കൊണ്ട് ധന്യമാണ് ജനുവരി, ഫെബ്രുവരി മാസങ്ങൾ. ഇടവക മദ്ധ്യസ്ഥർ നമുക്കെപ്പോഴും മാതൃകയാണ്. മലമുകളിൽ പണിതുയർത്തപ്പെട്ട ഗോപുരംപോലെ, പീഠത്തിൻമേൽ വച്ച ദീപം പോലെ വിശ്വാസത്തിന്റെ നിറമാതൃകകളാണ് അവർ. ഈ ധന്യജീവിതങ്ങളുടെ ജീവിത വഴികളിലൂടെ കണ്ണോടിച്ച് ലഭ്യമാകുന്ന മുത്തുകളെ സ്വജീവിതത്തിൽ കോർത്തിണക്കി വിശ്വാസത്തിന്റെ കാവലാളാകുവാൻ തിരുനാളാഘോഷങ്ങൾ നമ്മെ ആഹ്വാനം ചെയ്യുകയാണ്.

തിരുനാളുകൾക്കൊപ്പം, വാർഷികാഘോഷങ്ങൾകൂടി നടത്തുമ്പോൾ ഇത് ആത്മപരിശോധനയ്ക്കുള്ള അവസരമാകട്ടെ. നാളിതുവരെയുള്ള സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ വായിച്ച് കേൾക്കുമ്പോൾ ആ പ്രവർത്തനങ്ങൾക്ക് എന്റെ സംഭാവന എന്തുമാത്രമാണ് എന്ന് ഓരോരുത്തരും പരിശോധിക്കുക. ദൈവം നൽകിയിരിക്കുന്ന കഴിവുകളെ സഹോദര നന്മയ്ക്ക് വേണ്ടി വിനിയോഗിക്കുന്നവരാണ് ദൈവമക്കൾ. പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്താനുള്ള ആഹ്വാനമായി വാർഷികാഘോഷങ്ങളെ മനസ്സിലാക്കാം. അനുഗ്രഹസമ്പന്നമായ തിരുനാളുകൾ ഏവർക്കും ആശംസിക്കുന്നു.

സ്നേഹപൂർവ്വം
**ടോമിയച്ചൻ**

**തിരുത്ത്**

പ്രേഷിതസാഗരം 2010 റാലിക്ക് 2-ാം സ്ഥാനം ലഭിച്ചത് കല്ലോടി എന്നും മൂന്നാം സ്ഥാനം കല്പറ്റ എന്നും അച്ചടിച്ച് വന്നതിൽ ഖേദി

ക്കുന്നു. കൊട്ടിയൂർ ശാഖയ്ക്ക് രണ്ടാം സ്ഥാനവും കല്ലോടി ശാഖയ്ക്ക് മൂന്നാം സ്ഥാനവും എന്ന് തിരുത്തി വായിക്കുമല്ലോ.

**അഭിനന്ദനങ്ങൾ.... ആശംസകൾ**

ജൂണിയർ ചെംബർ ഓഫ് ഇന്ത്യയുടെ JCI യുടെ 2nd Vice President ആയി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന രൂപതാപ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കലിന് മിഷൻലീഗ് രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.... ആശംസകൾ....

**അശ്രുപൂജ**

പൗരോഹിത്യാരാമത്തിൽ വിടരും മുമ്പെ കൊഴിഞ്ഞുവീണ നോർബർട്ടൈൻ സമൂഹാംഗമായ ഫാ. ജോബി വെട്ടുകല്ലുങ്കലിന് മിഷൻലീഗ് രൂപതാകുടുംബത്തിന്റെ ആദരാഞ്ജലികൾ... പ്രാർത്ഥനകൾ.

യവനാർകുളം ശാഖയിലെ നിറസാന്നിദ്ധ്യമായിരുന്ന ശ്രീ. ഷൈബി പറയിടത്തിന്റെ അകാല വേർപാടിൽ മിഷൻലീഗ് രൂപതാകുടുംബത്തിന്റെ അനുശോചനം. ഷൈബിയുടെ പ്രിയ പത്നി ജിഷയ്ക്കും മക്കൾക്കും മിഷൻലീഗ് അംഗങ്ങളുടെ പ്രാർത്ഥനയും പിന്തുണയും.

ദർശന പുണ്യംതേടി കല്ലും മുള്ളും നിറഞ്ഞ വനപാതകൾ താണ്ടി, മകരജ്യോതിയുടെ ദർശനത്തിൽ നിറമനസ്സോടെ മലയിറങ്ങിയ അയ്യപ്പഭക്തന്മാർക്ക് നേരിട്ട ദാരുണമായ ദുരന്തത്തിൽ ജീവിതം പൊലിഞ്ഞവർക്ക് മുന്നിൽ മിഷൻലീഗ് രൂപതാ സമിതിയുടെ കണ്ണീർ പുഷ്പങ്ങൾ അർപ്പിക്കുന്നു.

**റേഡിയോ പ്രോഗ്രാം**

മാധ്യമവർഷത്തോടനുബന്ധിച്ച് മാനന്തവാടി രൂപതയുടെ സ്വന്തമായ റേഡിയോ മാറ്റൊലിയിൽ പ്രോഗ്രാം അവതരിപ്പിക്കാൻ മിഷൻലീഗ് അംഗങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനോടകം പലശാഖകളും റേഡിയോയിൽ പ്രോഗ്രാം അവതരിപ്പിച്ച് കഴിഞ്ഞു. പ്രോഗ്രാം അവതരിപ്പിക്കുവാൻ നേതൃത്വം കൊടുത്ത ശാഖാ ഡയറക്ടറച്ചൻമാരെയും ജോ.ഡയറക്ടർ സിസ്റ്റർമാരെയും ഭാരവാഹികളെയും അവതരിപ്പിച്ച അംഗങ്ങളെയും അഭിനന്ദിക്കുന്നു. അവതരിപ്പിച്ച ശാഖകളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

**റേഡിയോ മാറ്റൊലി ചെറുപുഷ്പം പരിപാടിയിൽ പ്രോഗ്രാം അവതരിപ്പിച്ച ശാഖകൾ**

യവനാർകുളം, തവിഞ്ഞാൽ, തലപ്പുഴ, പോരൂർ, മാർട്ടിൻനഗർ,

പയ്യംപള്ളി, പനവല്ലി, ദീപ്തിഗിരി, ചുള്ളിയാന, തോണിച്ചാൽ, പറളിക്കുന്ന്, റിപ്പൺ, വാഴവറ്റ, മുതിരേരി, ഒഴുക്കൻമൂല, തെനേരി, തരിയോട്, പുതിയിടംകുന്ന്, വാകേരി, പുതുശ്ശേരിക്കടവ്, നെയ്ക്കുപ്പ, മരക്കടവ്, പന്തിപ്പൊയിൽ, അമ്പലവയൽ.

## റേഡിയോ പ്രോഗ്രാമിന് ഇനിയും അവസരം

മാധ്യമ വർഷത്തോടനുബന്ധിച്ച് ഇനിയും പ്രോഗ്രാം അവതരിപ്പിക്കാൻ സാധിക്കാത്ത ശാഖകൾക്ക് ഇനിയും അവസരമുണ്ട്. അങ്ങനെയുള്ള ശാഖകൾ എത്രയും വേഗം പ്രോഗ്രാം തയ്യാറാക്കി റേഡിയോ സ്റ്റേഷൻ ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്. സംശയങ്ങൾ ഉള്ളവർ 9946149838 ഫാ. ജെയ്സ് ചെട്ടിയാശേരിയുമായി ബന്ധപ്പെടുക.

## കയ്യെഴുത്ത് മാസിക

കയ്യെഴുത്ത് മാസിക മൽസരത്തിൽ ഒന്നാംസ്ഥാനം – 'നിലാത്തൂവൽ' – കാവുംമന്ദം, രണ്ടാം സ്ഥാനം – 'തുഷാര' – പടമല, മൂന്നാം സ്ഥാനം – 'ഉപാസന' – മുണ്ടേരി എന്നീശാഖകളാണ് ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയിരിക്കുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ശാഖാ ഡയറക്ടറച്ചന്മാർക്കും ജോയിന്റ് ഡയറക്ടേഴ്സിനും ഭാരവാഹികൾക്കും മത്സര വിജയികൾക്കും അഭിനന്ദനങ്ങൾ അനുമോദനങ്ങൾ.

## അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി

ഈ പ്രവർത്തനവർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി 28–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതാ പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷംവഹിച്ച മാനേജിംഗ് കമ്മിറ്റിക്ക് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ സ്വാഗതമാശംസിച്ചു. സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് മേഖലാഭാരവാഹികൾ മേഖലാ പ്രവർത്തനങ്ങൾ വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ സംസ്ഥാന വാർഷികം അവലോകനം ചെയ്തു. മേഖലാക്യാമ്പുകൾ രൂപതയുടെ മറ്റ് പ്രവർത്തനങ്ങൾ, രൂപതാക്യാമ്പുകൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തു. സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ മാനേജിംഗ് കമ്മിറ്റിക്ക് നന്ദിപറഞ്ഞു.

## മഴവില്ല് 2011 – മേഖലാക്യാമ്പുകൾ

ഈ വർഷത്തെ മേഖലാക്യാമ്പുകൾ ഏപ്രിൽ മാസത്തിൽ 12

മേഖലകളിലും നടക്കുകയാണ്. ക്യാമ്പുകളിൽ എല്ലാ ശാഖക ളിൽനിന്നും അംഗങ്ങളെ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ക്യാമ്പുകൾക്ക് വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യാൻ മേഖലാ നേതൃത്വം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**കെ.സി.വൈ.എം. നവ നേതൃത്വത്തിന് അഭിനന്ദനങ്ങൾ**

കെ.സി.വൈ.എം. പുതിയ ഭാരവാഹികൾക്ക് സി.എം.എൽ. രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രവർത്തന മുന്നേറ്റത്തിൽ എല്ലാവിധ ആശംസകളും നേരുന്നു.

**മീഡിയ 2010**

രൂപതാസമിതി ശാഖാതലത്തിൽ നടത്തിവരുന്ന മാധ്യമസെമി നാറും ശാഖാസന്ദർശനവും പയ്യംമ്പള്ളി, കൽപ്പറ്റ മേഖലകളിൽ നട ത്തപ്പെട്ടു. ഇനിയും ശാഖാസന്ദർശനം നടത്താത്ത ശാഖകൾ എത്രയും പെട്ടെന്ന് തന്നെ നടത്താൻ വേണ്ട തീയതികൾ രൂപതാകേന്ദ്രത്തിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൽപ്പറ്റ, പയ്യംമ്പള്ളി മേഖലകളിൽ ശാഖാസന്ദർശനം നടത്തി യവർ: റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, റവ.ഫാ. ടോമി പുത്തൻപു രയ്ക്കൽ, റവ.ഫാ. സെബിൻ ഐക്കരത്താഴത്ത്, രഞ്ജിത്ത് മുതുപ്ലാ ക്കൽ, ജോസ് മുണ്ടിയാനി, ബ്ര.ഡേവിഡ് കുറുമ്പാലക്കാട്ട്, സി. ആഷ്‌ലി സി.എം.സി., സി. വിനീത എസ്.എച്ച്., സി. ഡാനി മരിയ എസ്.എ.ബി. എസ്., സി. സ്റ്റെയ്സി എസ്.എച്ച്.

**രോഗീസന്ദർശനവാരം**

രോഗികൾക്ക് സാന്ത്വനമേകികൊണ്ട് അശരണർക്ക് ആശ്രയമായി ക്കൊണ്ട് ഫെബ്രുവരിമാസം രോഗീസന്ദർശനവാരമായി ആചരിക്കുന്നു. 7 തിങ്കൾ – മാനന്തവാടി കൊട്ടിയൂർ മേഖലകൾ, 8 ചൊവ്വ പയ്യമ്പള്ളി ബത്തേരി മേഖലകൾ, 9 ബുധൻ – കല്ലോടി മേഖല, 10 വ്യാഴം – നില മ്പൂർ തരിയോട് മേഖലകൾ, 11 വെള്ളി – മണിമൂളി നടവയൽ മേഖല കൾ, 12 ശനി – പുൽപ്പള്ളി ഗൂഡല്ലൂർ മേഖലകൾ, 13 ഞായർ – കൽപ്പറ്റ മേഖല.

ഈ ദിവസങ്ങളിൽ എല്ലാ ശാഖകളും രോഗീസന്ദർശനം നട ത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**അൾത്താരബാലസംഗമവും ദൈവവിളി സെമിനാറും**

ഈ മാസം എല്ലാ മേഖലകളിലും അൾത്താര ബാലസംഗമവും ദൈവവിളി സെമിനാറും സംഘടിപ്പിക്കാൻ വേണ്ട ക്രമീകരണം ചെയ്യ ണമെന്ന് അഭ്യർത്ഥിക്കുന്നു.

**കരുണയുടെ തീരം**

കരുണയുടെ തീരം പ്രോഗ്രാം നടത്താത്ത ശാഖകൾ എത്രയും പെട്ടെന്ന് പ്രോഗ്രാം നടത്തി റിപ്പോർട്ട് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**പ്രേഷിതസാഗരം 2010**

പ്രേഷിതസാഗരത്തിന്റെ പ്രേഷിതറാലിയിൽ തവിഞ്ഞാൽ, യവനാർകുളം എന്നീ ശാഖകൾക്ക് പ്രോത്സാഹനസമ്മാനം ലഭിക്കുകയുണ്ടായി.

**ബൈബിൾവാക്യ പഠനമത്സര വിജയികൾ**

രൂപതാ നേതൃത്വത്തിൽ നടത്തിയ ബൈബിൾ വാക്യ പഠന മത്സരത്തിൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും അഭിനന്ദനങ്ങൾ. മത്സരാർത്ഥികളെ ഒരുക്കി പറഞ്ഞുവിട്ട ഡയറക്ടറച്ചൻമാർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും നന്ദി.

**സീനിയർ വിഭാഗം**

1. അൽഫോൻസ നരിമറ്റത്തിൽ – ചുങ്കക്കുന്ന് – കൊട്ടിയൂർ
2. ആൻസി ഗണപതിപ്ലാക്കൽ – നിലമ്പൂർ – നിലമ്പൂർ
3. ആൻമേരി വില്ലന്താനം – അമ്പലവയൽ – ബത്തേരി

**ജൂണിയർ വിഭാഗം**

1. അജോ ബെന്നി കൊടുങ്കയം – ഇടിവണ്ണ – നിലമ്പൂർ
2. റ്റീന മരിയ പാലാട്ടി – മൂലങ്കാവ് – ബത്തേരി
3. ആന്റണി പുത്തൻപുരയ്ക്കൽ – ഇടിവണ്ണ – നിലമ്പൂർ

**രൂപതാടീം ട്രെയിനിംഗ്**

അവധിക്കാലത്ത് ശാഖകളിൽ ക്യാമ്പുകളും ഏകദിന സെമിനാറുകളും നടത്തുന്നതിന് രൂപതാ ടീമിനെ സജ്ജമാക്കുന്നതിനായി ഫെബ്രുവരി 14, 15 തീയതികളിൽ രൂപതാ ടീം അംഗങ്ങൾക്കായി ഒരു ട്രെയിനിംഗ് പ്രോഗ്രാം ബോയ്സ് ടൗണിൽ വെച്ച് നടത്തുന്നു. 14–ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 15–ാം തീയതി ശനിയാഴ്ച 4 മണിക്ക് സമാപിക്കുന്നു. ട്രെയിനിംഗിന് നേതൃത്വം നൽകുന്നത് HRD കൺസട്ടന്റും ഫാമിലി കൗൺസിലിംഗ് എക്സ്പേർട്ട് എൻ എൽ. പി. പ്രാക്റ്റീഷനർ എന്നീ നിലകളിൽ പ്രസിദ്ധമായ മിസ്റ്റർ പോൾ തോമസ് ആണ്. രൂപതാ ടീം അംഗങ്ങൾ എല്ലാവരും പ്രസ്തുത ട്രെയിനിംഗിൽ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**സംസ്ഥാനവാർഷികം ഞായർ പിരിവ് തന്ന ശാഖകൾ**

പേരിയ – 750, അടയ്ക്കാത്തോട് – 3000, ഒറ്റപ്ലാവ് – 1000, ശാന്തിഗിരി – 1000, വെള്ളൂന്നി – 750, റൂബിനഗർ – 1156, ശിശുമല – 4500, തവിഞ്ഞാൽ – 1500, ഇടയൂർകുന്ന് – 500, മരുത – 500, നരിവാലമുണ്ട – 4780, ഇടിവണ്ണ – 2000, അരിഞ്ചേർമല – 1850, കണിയാമ്പറ്റ – 360, കേണിച്ചിറ – 1000, പറളിക്കുന്ന് – 1500, വാളവയൽ – 2000, ആറാട്ടുതറ – 550, മാർട്ടിൻനഗർ – 2500, ചുണ്ടക്കര – 3000, കല്ലുമുക്ക് – 150, മീനങ്ങാടി – 600, ബെക്കി – 480, കുന്നലാടി – 1100, മൺവയൽ – 500, ഏലപ്പീടിക – 750, പുതിയിടം – 500, ബോയ്സ്ടൗൺ – 670, മക്കിയാട് – 1500, കല്ലോടി – 4600, ധർമ്മഗിരി – 1200, കൽപ്ര – 1000, മച്ചിക്കൊല്ലി – 250, ചാരിറ്റി – 500.

**മിഷൻ ഞായർ പിരിവ് തന്ന ശാഖകൾ**

പന്തിപൊയിൽ – 100, പാലാങ്കര – 800, കോട്ടത്തറ – 400, പുതിയിടംകുന്ന് – 100, കല്ലുമുക്ക് – 150, പൂക്കോട്ടുംപാടം – 150, കടൽമാട് – 200, വാളവയൽ – 200, കുറുമ്പാലക്കോട്ട – 500, പ്രശാന്തഗിരി – 150, പാതിരിപ്പാടം – 500.

**കാണിക്ക**

കുറുമ്പാലക്കോട്ട – 500

**കുഞ്ഞേട്ടൻ മെമ്മോറിയൽ അഖിലകേരള ചെറുകഥ മത്സരം**

തലശ്ശേരി – ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ (ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ) സ്മരണാർത്ഥം തലശ്ശേരി അതിരൂപതാ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ 'പ്രേഷിതൻ' എന്ന വിഷയത്തെ ആസ്പദമാക്കി ചെറുകഥാ രചനാമത്സരം നടത്തുന്നു. അഖിലകേരളാടിസ്ഥാനത്തിൽ 18 വയസ്സിനു മുകളിലുള്ള മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന മത്സരത്തിന്റെ രചനകൾ 2011 ഫെബ്രുവരി 28–ാം തീയതിക്ക് മുമ്പായി ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, സന്ദേശഭവൻ, തലശ്ശേരി 1 എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കണം.

**മത്സരത്തിന്റെ വിശദവിവരങ്ങൾ**

ചെറുകഥ 10 പേജിൽ കൂടരുത്. മിഷൻലീഗിന്റെ അംഗത്വം, പ്രായം എന്നിവ തെളിയിക്കുന്നതിന് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവ രചനയോടൊപ്പം ഉണ്ടായിരിക്കണം.

ഒന്നാം സമ്മാനം – 2001 രൂപ – പ്രശസ്തിപത്രം

രണ്ടാം സമ്മാനം – 1001 രൂപ – പ്രശസ്തിപത്രം

രചനകൾ തിരികെ ആവശ്യമുള്ളവർ മതിയായ സ്റ്റാമ്പ് പതിച്ച് മേൽവിലാസം എഴുതിയ കവർ വച്ചിരിക്കണം. മത്സരത്തെക്കുറിച്ച് അതിരൂപതാ എക്സിക്യൂട്ടീവിന്റെ തീരുമാനം അന്തിമമായിരിക്കും.

വിശദവിവരങ്ങൾക്ക് 9447482008, 0490-2325516

**മേഖലാവാർത്തകൾ**

ബത്തേരി :- ബൈബിൾവാക്യ പഠനമത്സരം നടത്തി. ദുലേഡ് 2011 എല്ലാ ശാഖകളിലും നടത്തി.

**ശാഖാ വാർത്തകൾ**

*നിലമ്പൂർ :-* സുകൃതജപം കൂടുതൽ എഴുതിയവർക്ക് ക്യാഷ് അവാർഡ് നൽകി.

*റൂബിനഗർ :-* ശാഖാ കൗൺസിൽ നടത്തി.

*പുതുശ്ശേരിക്കടവ് :-* പള്ളിപരിസരം വൃത്തിയാക്കി

*ഇടിവണ്ണ :-* ചികിത്സാസഹായം നൽകി. മീഡിയ അർദ്ധദിന സെമിനാർ നടത്തി. ചോക്കാട് അഗതിമന്ദിരം സന്ദർശിച്ചു.

*മുണ്ടേരി :-* സിമിത്തേരി സന്ദർശനം നടത്തി.

*വാളവയൽ :-* മാതാപിതാക്കൾക്ക് അർദ്ധദിന സെമിനാർ നടത്തി.

*മുട്ടിയേൽ :-* മിഷൻഗ്രാമത്തിന് ക്രിസ്തുമസ് കാർഡ് അയച്ചു. പള്ളി പരിസരം വൃത്തിയാക്കി.

*തെനേരി :-* കരോൾഗാന മത്സരം നടത്തി.

*പേരിയ :-* പുൽക്കൂട് നിർമ്മിച്ചു.

*പോരൂർ :-* മാതാവിന്റെ സുകൃതഡയറി നിർമ്മിച്ചു. പാവപ്പെട്ട ഒരു കുട്ടിക്ക് ഡ്രസ്സ് നൽകി. പോപ്പുലർ മിഷൻ ധ്യാനത്തിൽ പങ്കെടുത്തു.

*കുറുമണി :-* ക്രിസ്തുമസ് ട്രീ ഉണ്ടാക്കി.

*ധർമ്മഗിരി :-* ഏകദിന സെമിനാർ നടത്തി. ഐക്യ ക്രിസ്തുമസ് ആഘോഷം നടത്തി.

*മാർട്ടിൻനഗർ :-* പ്രേഷിതസാഗരം 2010 ന് ഒരുക്കമായി മാനന്തവാടി ടൗൺ അലങ്കരിച്ചു. അർദ്ധദിന സെമിനാർ നടത്തി.

*പാതിരിപ്പാടം :-* വികാരിയച്ചന്റെ പൗരോഹിത്യ ജൂബിലി ആഘോഷിച്ചു.

*ആടിക്കൊല്ലി :-* കിടപ്പുരോഗികളായ മിനി വട്ടപ്പാറ, ജോർജ് കുരീക്കാട്ടിൽ എന്നിവരെ സന്ദർശിക്കുകയും ക്രിസ്തുമസ് കേക്ക് നൽകുകയും ചെയ്തു. കരോൾഗാന മത്സരം നടത്തി.

*തെനേരി :-* അമ്മമാരെ ആദരിച്ചു.

*ഒലിവുമല :-* കാലിന് സുഖമില്ലാതിരുന്ന ഒരു വ്യക്തിയെ ആശുപത്രിയിൽ ചെന്ന് സന്ദർശിച്ചു.
*തരിയോട് :-* ക്ലാരഭവൻ സന്ദർശിച്ചു. വിവിധ കലാപരിപാടികൾ നടത്തി. 50 കെ.ജി. അരി ഗവൺമെന്റ് ആശുപത്രിയിൽ വിതരണം ചെയ്തു.
*കുഞ്ഞോം :-* സി.എം.എൽ. അംഗമായ അരുണിന്റെ വേർപാടിൽ അനുശോചനം അറിയിക്കുകയും ദു:ഖാചരണം നടത്തുകയും ചെയ്തു.
*പനവല്ലി :-* ക്രിസ്തുമസ് ട്രീ, പുൽക്കൂട് ഇവ നിർമ്മിച്ചു.

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

അഴിമതി ആരോപണങ്ങളുടെ വേലിയേറ്റത്തിൽ സാമൂഹിക, രാഷ്ട്രീയ മേഖലകൾ അസ്വസ്ഥമാകുമ്പോൾ വ്യാജനിയമങ്ങളുടെ പേരിൽ വയനാട്ടിലെ ഉദ്യോഗസ്ഥവൃന്ദങ്ങൾ തലയിൽ തുണിയിട്ട് മറയ്ക്കുമ്പോൾ – നീതിനിഷ്ഠമായ സാമൂഹിക ക്രമത്തിന് വഴിവിളക്കാകുവാൻ യുവജനത മുന്നിട്ടിറങ്ങേണ്ട സമയമായി. ഗാന്ധിജിയുടെ വീക്ഷണത്തിലെ ഏഴ് മാരകതിന്മകൾ – തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം, മനസാക്ഷിയില്ലാത്ത ആഹ്ലാദം, സ്വഭാവശുദ്ധിയില്ലാത്ത വിജ്ഞാനം, നീതിനിഷ്ഠയില്ലാത്ത വ്യാപാരം, മനുഷ്യത്വമില്ലാത്ത ശാസ്ത്രം, ത്യാഗമില്ലാത്ത ആരാധന, അദ്ധ്വാനമില്ലാത്ത സമ്പത്ത് – എന്നിവ സമൂഹത്തിന്റെ മുഖമുദ്രയാകുമ്പോൾ ധാർമ്മികമൂല്യങ്ങളുടെ പടവാളുമായി, നീതിനിഷ്ഠമായ സാമൂഹിക ക്രമത്തിന്റെ ശില്പികളാകുവാൻ നമുക്കൊരുമിച്ച് ഉണർത്തെഴുന്നേൽക്കാം.... വേഗതയും വ്യഗ്രതയും മനുഷ്യമനസ്സുകളുടെ താളം തെറ്റിക്കുമ്പോൾ അരഞ്ഞ് തീരുന്ന ജീവിതങ്ങളുടെ തേങ്ങലുകൾ എത്രയെത്ര....? കണ്ണീർവറ്റാത്ത കുടുംബാംഗങ്ങളുടെ വേദനയുടെ മുമ്പിൽ മന:സാക്ഷിയുള്ള, മനുഷ്യത്വമുള്ള, സാഹോദര്യഭാവമുള്ള വ്യക്തിത്വങ്ങളാകുവാൻ വ്യക്തിപരമായ അർപ്പണവും സംഘടിതമായ പ്രവർത്തനവും കൈമുതലാക്കി 2011 വിജയഭേരി മുഴക്കട്ടെ.

**നന്ദിയോടെ**

2010 വർഷത്തിൽ മാനന്തവാടി രൂപതയിലെ യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. നെ ധീരതയോടെ നയിച്ച ശ്രീ. സജിൻ ജോസ് ചാലിൽ, കുമാരി സീന എടമറ്റത്തിൽ, ബെന്നി പച്ചിക്കൽ, വിപിൻ പനമട, നീന വടക്കേൽ, ആന്റണി മങ്കടപ്ര, സന്തോഷ് ഞാറക്കുളം എന്നിവരെ വളരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിശ്വാസ യുവത വികസിത

രാഷ്ട്രം എന്ന പഠനവിഷയത്തിലൂന്നിയ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് യൂണിറ്റ്, മേഖല, രൂപതാ തലങ്ങളിൽ പ്രസ്ഥാനത്തെ മുന്നോട്ട് നയിച്ച ഏവരേയും നന്ദിയോടെ ഓർക്കുന്നു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ, പ്രൊമോട്ടർമാർ, ചിന്താവേദി അംഗങ്ങൾ, റിസോഴ്സ് ടീമംഗങ്ങൾ എന്നിവരുടെ നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ ഓർമ്മിക്കുന്നു. കൂടാതെ ഓരോ യൂണിറ്റിലെയും വൈദികർ, ആനിമേറ്റർമാർ, ഭാരവാഹികൾ, മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, മേഖലാ ഭാരവാഹികൾ, പ്രസ്ഥാനത്തിന്റെ നല്ല നടത്തിപ്പിന് സാമ്പത്തികമായി സഹായിച്ചവർ.... എല്ലാവരേയും സ്നേഹപൂർവ്വം ഓർമ്മിക്കുന്നു. ഒപ്പം പ്രസ്ഥാനത്തിന്റെ വളർച്ചയിൽ സഹായിച്ച രൂപതാ ആനിമേറ്റർ സി. ജെസ്‌ലിമ എസ്.ഡി., രൂപതാ ഓഫീസ് സെക്രട്ടറി സി. ജെസ്ന എസ്.എ.ബി.എസ്. എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. എല്ലാറ്റിനുമുപരിയായി പിതൃവാത്സല്യത്തോടെ അനുഗ്രഹിക്കുകയും നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ഒപ്പം പുത്തൻ ആശയങ്ങളും നൽകി പ്രസ്ഥാനത്തിന്റെ കൂടെ നിൽക്കുന്ന അഭിവന്ദ്യ പിതാവിനും, സാന്നിദ്ധ്യംകൊണ്ടും പ്രോത്സാഹനങ്ങൾകൊണ്ടും എപ്പോഴും പ്രസ്ഥാനത്തിന് കരുത്ത്തന്ന സ്നേഹബഹു. വികാരിജനറാളായിരുന്ന മോൺ. ജോർജ് മൂലയിൽ അച്ചനും ഇപ്പോൾ യുവമനസുകളുടെ ശൈലി അറിഞ്ഞ് വളർത്തുന്ന മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചനും രൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും നന്ദിയും സ്നേഹവും ഹൃദയപൂർവ്വം അർപ്പിക്കുന്നു.

### പുതുനേതൃത്വത്തിന് വിജയാശംസകൾ

2011 വർഷത്തിൽ പ്രസ്ഥാനത്തെ നയിക്കുവാൻ ശക്തമായ ഒരു നേതൃനിര കടന്ന് വന്നിരിക്കുന്നു. ശ്രീ. സജിൻജോസ് ചാലിൽ, കുമാരി ഹർഷ ചേരവേലിൽ, ഷംജിത് ചേലയ്ക്കൽ, ആന്റണി മങ്കടപ്ര, ശ്രുതി നെടുങ്ങാട്ടുകുടിയിൽ, ജിതേഷ് മുളക്കകുന്നേൽ, ഡിന്റോ മുണ്ടുപാലയ്ക്കൽ എന്നിവരുടെ ശക്തമായ നേതൃത്വം പ്രസ്ഥാനത്തിന് കൂടുതൽ ഉണർവ്വ് നൽകും എന്ന് ഉറപ്പുണ്ട്. നിങ്ങളുടെ സമയവും ശക്തിയും മനസും ചിന്തകളും പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സമർപ്പിക്കുവാനും ഉൽകൃഷ്ടമായ ചിന്തകളോടെ പ്രവർത്തന ശൈലിയോടെ യുവജന പ്രസ്ഥാനത്തെ രൂപതമുഴുവൻ ജ്വലിപ്പിക്കുവാൻ നിങ്ങൾക്കാകട്ടെ എന്ന് ആശംസിക്കുന്നു. 2011 വർഷത്തിലെ തിരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ - പ്രവർത്തന വിജയാശംസകൾ...

സ്നേഹത്തോടെ,

**സണ്ണിയച്ചൻ**

## വാർഷിക സെനറ്റ്

2010 വർഷത്തെ രൂപതാവാർഷിക സെനറ്റ് 2011 ജനുവരി 1-2 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 1-ന് വൈകുന്നേരം പ്രാർത്ഥനയ്ക്കും ക്ലാസിനും ബഹു. ഫാ. സെബാസ്റ്റ്യൻ പാറയിൽ നേതൃത്വം നൽകി. രൂപത പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ബെന്നി പച്ചിക്കൽ സ്വാഗതവും, രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. തുടർന്ന് മേഖല റിപ്പോർട്ടുകളും രൂപത വാർഷിക റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ച് പാസ്സാക്കുകയും 2011 വർഷത്തെ രൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. വിവിധ മേഖലാ പ്രൊമോട്ടർമാർ തിരഞ്ഞെടുപ്പ്, സംഘടനാചർച്ചകൾ, അവാർഡ്ദാനം എന്നിവ സെനറ്റിൽ നടന്നു.

## 2011 ലെ രൂപത ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | - | സജിൻജോസ് ചാലിൽ, പയ്യംമ്പള്ളി |
| വൈ.പ്രസിഡന്റ് | - | ഹർഷ ചേരവേലിൽ, നടവയൽ |
| ജനറൽ സെക്രട്ടറി | - | ഷംജിത്ത് ചേലയ്ക്കൽ, ആലാറ്റിൽ |
| സെക്രട്ടറിമാർ | - | ശ്രുതി നെടുങ്ങോട്ടുകുടി, മീനങ്ങാടി |
| | - | ആന്റണി മങ്കടപ്ര, മുള്ളൻകൊല്ലി |
| ട്രഷറർ | - | ജിതേഷ് മുളക്കകുന്നേൽ, ദ്വാരക |
| കോ.ഓഡിനേറ്റർ | - | ഡിറ്റോ മുണ്ടുപാലക്കൽ, കൽപ്പറ്റ |

ഭാരവാഹികൾക്ക് ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

| | | |
|---|---|---|
| രൂപതാ ഓഡിറ്റർമാർ | - | ബെനഡിക്റ്റ് കുറുമ്പാലക്കാട്ട്, |
| | | മുകേഷ് മുണ്ടുചിറക്കൽ, |

## രൂപത സിൻഡിക്കേറ്റ് അംഗങ്ങൾ

രൂപത സിൻഡിക്കേറ്റിൽ മേഖലകളെ പ്രതിനിധാനം ചെയ്യുന്നവർ - അനൂപ് കുഴികണ്ടത്തിൽ-ബത്തേരി, സാൻസി പോട്ടായിൽ-കല്ലോടി, പ്രിൻസി പെരുങ്ങാരപ്പള്ളി-കൽപ്പറ്റ, ഷിബു പുതിയവീട്ടിൽ-കൊട്ടിയൂർ, ഫ്രൻസി മണ്ണിശ്ശേരിൽ - മാനന്തവാടി, വിനീഷ് മൂലംകുന്നത്ത് - മണിമൂളി, വിപിൻ പനമട- നടവയൽ, ജോൺസൺ ചക്കാലക്കൽ - തരിയോട്, സിപോൾ പൊട്ടയ്ക്കൽ - നിലമ്പൂർ.

## സംസ്ഥാന സിൻഡിക്കേറ്റ് സെനറ്റ് അംഗങ്ങൾ

അനീഷ് ഓമക്കര, ലിജി കളരിക്കൽ, ബിനോയ് പാനികുളം, ജെസ്സോയ് മൂങ്ങനാനി, സന്തോഷ് ഞാറക്കുളം, സീന എടമറ്റത്തിൽ.

രൂപത സിൻഡിക്കേറ്റ് അംഗങ്ങൾക്ക് പ്രാർത്ഥനാമംഗളങ്ങൾ നേരുന്നു.

## സംസ്ഥാന വാർഷിക സെനറ്റ്

2010 വർഷത്തെ കെ.സി.വൈ.എം. സംസ്ഥാന വാർഷികസെനറ്റ് 2011 ജനുവരി 6,7,8,9 തീയതികളിൽ ആനിമേഷൻ സെന്റർ വെള്ളയമ്പലത്തുവച്ച് തിരുവനന്തപുരം ലത്തീൻ രൂപതയുടെ ആതിഥേയത്വത്തിൽ നടന്നു. സംസ്ഥാന വാർഷിക റിപ്പോർട്ട് അവതരിപ്പിച്ച് പാസ്സാക്കിയ യോഗത്തിൽ വച്ച് 2011 വർഷത്തെ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു.

രൂപതയിലെ സംസ്ഥാന സിൻഡിക്കേറ്റ് സെനറ്റംഗങ്ങൾ യോഗത്തൽ പങ്കെടുത്തു. കെ.സി.വൈ.എം. സംസ്ഥാന വൈ.പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ.അനീഷ് ഓമക്കരക്ക് അനുമോദനങ്ങൾ നേരുന്നു.

## മേഖലാ പ്രൊമോട്ടേഴ്സ് - 2011

1) ബത്തേരി - വിപിൻ പനമട, 2) ഗൂഡല്ലൂർ - ബെന്നി പച്ചിക്കൽ, 3) കല്ലോടി - ജോൺസൺ ചക്കാലക്കൽ, 4) കൽപ്പറ്റ - സന്തോഷ് ഞാറക്കുളം, 5) കൊട്ടിയൂർ - ഫ്രൻസി മണ്ണിശ്ശേരി, 6) മാനന്തവാടി - ഷിബു പുതിയവീട്ടിൽ, 7) നടവയൽ - അനൂപ് കുഴികണ്ടത്തിൽ, 8) നിലമ്പൂർ - വിനീഷ് മൂലംകുന്നത്ത്, 9) തരിയോട്- ബിനോയി പാനികുളം

## സംയുക്ത സിൻഡിക്കേറ്റ് - ഉത്തരവാദിത്വ കൈമാറ്റവും

2010 വർഷത്തെയും 2011 വർഷത്തെയും കെ.സി.വൈ.എം. സിൻഡിക്കേറ്റ് അംഗങ്ങളുടെ സംയുക്ത യോഗം ജനുവരി 16-ന് പാസ്റ്ററൽ സെന്ററിൽവച്ച് നടന്നു. കെ.സി.വൈ.എം. രൂപത ഡയറക്ടർ ബഹു.ഫാ.സണ്ണി കൊല്ലാർതോട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ 2011 വർഷത്തെ ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടുത്തു. അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് സിൻഡിക്കേറ്റ് അംഗങ്ങൾ സംസാരിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ശ്രീ. വിനീഷ് കോട്ടായിൽ, ജോജോ വരവുകാലായിൽ, ആൻസി തേക്കാനത്ത്, സുബിൻ ആമ്പശ്ശേരി, റെനിൽ കഴുതാടിയിൽ, സിബിൻ പാലമൂട്ടിൽ, സുനിൽ മുക്കാട്ട്, ട്രീസ പുളിക്കക്കണ്ടത്തിൽ, ജസ്ന ചെട്ട്യാശ്ശേരിയിൽ എന്നിവർക്കും സെക്രട്ടറിയേറ്റംഗമായ നീന വടക്കേലിനും സിൻഡിക്കേറ്റിൽ നന്ദിയർപ്പിച്ചു.

## പ്രവർത്തക അവാർഡുകൾ

2010 വർഷത്തെ മികച്ച കെ.സി.വൈ.എം. പ്രവർത്തനത്തിനുള്ള അവാർഡുകൾ വാർഷിക സെനറ്റിൽ വച്ച് നൽകി.

മികച്ച മേഖലകൾ:- മാനന്തവാടി, കല്ലോടി
മികച്ച യൂണിറ്റ്:- റിപ്പൺ
മികച്ച മേഖലാ പ്രവർത്തകൻ:- ജോൺസൺ ചക്കാലക്കൽ
മികച്ച മേഖലാ പ്രവർത്തക:- ജീന വലിയനിരപ്പേൽ
മികച്ച യൂണിറ്റ് പ്രവർത്തകൻ:- ലാസർ മങ്കടപ്ര
മികച്ച യൂണിറ്റ് പ്രവർത്തക:- പ്രിൻസി പെരിങ്ങാരപ്പള്ളി

മികച്ച മേഖലക്കും യൂണിറ്റിനുമുള്ള ഫാ. മാത്യു കൊല്ലിത്താനം എൻഡോവ്മെന്റും ക്യാഷ് അവാർഡും മികച്ച യൂണിറ്റിനുള്ള ഷൈജു പച്ചിക്കൽ മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും രൂപത ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം വിതരണം ചെയ്തു. ശക്തമായ പ്രവർത്തനം കാഴ്ചവെച്ച വിജയികളായവർക്ക് രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

## 2011 പ്രവർത്തനവർഷ ഉൽഘാടനവും നേതൃത്വ സംഗമവും വഴി പ്രകാശനവും

കെ.സി.വൈ.എം. 2011 വർഷത്തെ പ്രവർത്തനവർഷ ഉൽഘാടനവും പുതിയ വർഷത്തെ യൂണിറ്റ്, മേഖല, രൂപത ഭാരവാഹികളുടെ സംഗമവും ഫെബ്രുവരി 12-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ 2 മണി വരെ മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് നടക്കുന്നതാണ്. പ്രസ്തുത യോഗത്തിൽ എല്ലാ മേഖല, യൂണിറ്റ്, ആനിമേറ്റർമാരും മേഖല ഡയറക്ടർമാരും ഭാരവാഹികളോടൊപ്പം പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## അനുശോചനങ്ങൾ

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ മികച്ച പ്രവർത്തക അവാർഡ് നേടിയിട്ടുള്ള പൊതുപ്രവർത്തകനും വിവിധ തലങ്ങളിൽ നേതൃത്വത്തിലും ജനപ്രതിനിധിയുമായിരുന്ന ശ്രീ. ഷൈബി പറയിടത്തിലിന്റെ അകാല നിര്യാണത്തിൽ മാനന്തവാടി രൂപത അനുശോചനം രേഖപ്പെടുത്തി.

യുവത്വത്തിൽ തന്നെ നമ്മെ വിട്ടകന്ന നവവൈദീകനായ ഫാ.ജോബി വെട്ടുകല്ലിങ്കലിന് കെ.സി.വൈ.എം. മാനന്തവാടി രൂപത ആദരാഞ്ജലികൾ നേരുന്നു.

## നന്ദിയോടെ

2010 വർഷം രൂപതയെ നയിച്ച ശ്രീ. സജിൻജോസ് ചാലിൽ, സീന എടമറ്റത്തിൽ, ബെന്നി പച്ചിക്കൽ, നീന വടക്കേൽ, വിപിൻ പനമട,

ആന്റണി മങ്കടപ്ര, സന്തോഷ് ഞാറക്കുളം, മേഖല - യൂണിറ്റ് ആനിമേറ്റർമാർ, ഡയറക്ടർമാർ, ഭാരവാഹികൾ എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

**മേഖലാവാർത്തകൾ**

**തരിയോട് മേഖല :** തരിയോട് മേഖലാ വാർഷിക ആഘോഷങ്ങൾ ഡിസംബർ 16-ന് നടന്നു. പുതുമയാർന്ന കലാകായിക മത്സരങ്ങൾ ആഘോഷങ്ങൾക്ക് മാറ്റ്കൂട്ടി. തുടർന്ന് രൂപതാഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ നേതൃത്വത്തിൽ മേഖല ഇലക്ഷൻ നടന്നു. തുടർന്ന് നടന്ന പൊതുയോഗത്തിൽ മേഖല ഡയറക്ടർ റവ. ഫാ. റെജി മുതുകത്താനിയിൽ സ്വാഗതം ആശംസിച്ചു. റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ഉത്ഘാടനം ചെയ്തു. തരിയോട് പഞ്ചായത്തിൽ നിന്നും വിജയിച്ച വാർഡ് പ്രതിനിധികൾക്ക് സ്വീകരണം നൽകി. കലാകായിക മത്സരത്തിൽ വിജയികളായവർക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ചിന്നമ്മ ചാക്കോ സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രസ്തുത മത്സരത്തിൽ കാവുംമന്ദം, കുറുമ്പാല, തരിയോട് എന്നീ യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മേഖല സെനറ്റ് മെമ്പർ തുഷാര പള്ളിക്കാത്തൊട്ടി നന്ദി പറഞ്ഞു.

**നിലമ്പൂർ മേഖല :** 'ആഗ്നേയം-2010' എന്ന പേരിൽ നിലമ്പൂർ മേഖല നടത്തിയ യുവജന ക്യാമ്പ് യുവജനങ്ങൾക്ക് വിസ്മരിക്കാനാവാത്ത അനുഭവവും ആത്മീയ ഉണർവ്വും നൽകി. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, റവ.ഫാ. ചാണ്ടി പുനക്കാട്ട്, ശ്രീ. അലവി ഇൻസ്പെക്ടർ ഓഫ് പോലീസ് നിലമ്പൂർ, നിലമ്പൂർ മേഖലാ പ്രസിഡന്റ് ശ്രീ. ടെനീഷ് ഇടമലയിൽ എന്നിവർ സന്നിഹിതരായിരുന്നു. ഡോൺ ബോസ്കോ ടീം ക്യാമ്പ് നയിച്ചു. തുടർന്ന് നടത്തിയ നൈറ്റ് വിജിലിന് ജീസസ് യൂത്ത് മാനന്തവാടി നേതൃത്വം നൽകി. കുമ്പസാരത്തിന് ഒരുക്കമായി റവ.ഫാ. മനോജ് ക്ലാസ് നയിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. ജെറി ഓണംപള്ളി യുവജനങ്ങൾക്കുവേണ്ടി വി. കുർബാന അർപ്പിക്കുകയും വചനപ്രഘോഷണം നടത്തുകയും ചെയ്തു.

**കൊട്ടിയൂർ മേഖല :** കൊട്ടിയൂർ മേഖലയുടെ നേതൃത്വത്തിൽ ചുങ്കക്കുന്ന് ഫാത്തിമമാതാ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന മേഖല കൺവെൻഷനിൽ വിവിധ യൂണിറ്റുകളിൽ നിന്നായി ഇരുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു. ദീപിക സർക്കുലേഷൻ മാനേജർ റവ.ഫാ. ജോസ് നെല്ലിക്കാത്തെരുവിൽ ഉൽഘാടന കർമ്മം നിർവ്വഹിച്ചു. മേഖലാ പ്രസി

ഡന്റ് ശ്രീ. മുകേഷ് ആന്റണി മുണ്ടുചിറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ. അഗസ്റ്റ്യൻ കല്ലുങ്കത്തറ സ്വാഗതം ആശംസിച്ചു. റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, റവ.ഫാ. ജോസ് കുളിരാനി, റവ.ഫാ. തോമസ് ചേറ്റാനി, റവ.ഫാ. വിൻസെന്റ് താമരശ്ശേരിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. റവ.ഫാ. സിബി തടത്തിൽ നന്ദി പറഞ്ഞു. റവ.ഫാ. റോയ് കണ്ണംചിറ ക്ലാസുകൾക്ക് നേതൃത്വം നൽകി. മേഖലാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി., സി. വിനീത എഫ്.സി.സി., ശ്രീ. ഷിബു പുതിയവീട്ടിൽ, നിമ്മി കാഞ്ഞിരത്തുങ്കൽ, റീന വെട്ടിക്കൽ, അരുൺഘോഷ് മാളിയേക്കൽപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

മേഖലയുടെ വാർഷിക സെനറ്റ് മേഖല പ്രസിഡന്റ് ശ്രീ. മുകേഷ് മുണ്ടുചിറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ചുങ്കക്കുന്നിൽ വച്ച് നടന്നു. ചുങ്കക്കുന്ന് ഫൊറോന അസി.വികാരി റവ.ഫാ. സിബി തടത്തിൽ ഉത്ഘാടനം ചെയ്തു. ശ്രീ. ഷിബു പുതിയവീട്ടിൽ ആശംസകൾ അർപ്പിച്ചു. രൂപതാ സിൻഡിക്കേറ്റ് അംഗം ശ്രീ. ഷംജിത്ത് ചേലയ്ക്കൽ നേതൃത്വം നൽകി. ശ്രീ. അരുൺഘോഷ് സ്വാഗതവും ശ്രീ. ഷിനിൽ തെക്കോലിക്കൽ നന്ദിയും പറഞ്ഞു.

## യൂണിറ്റ് വാർത്തകൾ : ദ്വാരക

**യുവസംഗമം 2010** – ദ്വാരക ഇടവകയിൽ നിന്ന് പഠനത്തിനും ജോലിക്കുമായി പുറത്തുപോയ യുവജനങ്ങൾക്കുവേണ്ടി ഒരു അർദ്ധദിന സംഗമം 24-12-2010 ന് നടത്തി. മേഖല പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കകുന്നേലും രൂപതാ സെനറ്റ് മെമ്പർ ശ്രീ. റെനിൽ കഴുതാടിയും ഇവർക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് ഇവർക്ക് പരസ്പരം പരിചയപ്പെടാനും അനുഭവങ്ങൾ പങ്കുവയ്ക്കാനും അവസരം നൽകി. കേക്ക് മുറിച്ച് ക്രിസ്തുമസ് ആശംസകൾ പങ്കുവച്ചു.

**ടൗൺ കരോൾ, പുൽക്കൂട് നിർമ്മാണം** – ദ്വാരക ഇടവകയിൽ ബഹു. വികാരി ഫാ. ജോയി തുരുത്തേലിന്റെ നേതൃത്വത്തിൽ ബാന്റ്സെറ്റിന്റെയും സാന്താക്ലോസിന്റെയും നക്ഷത്രവിളക്കിന്റെയും ദീപാലങ്കാരങ്ങളുടെയും അകമ്പടിയോടുകൂടി എൺപതോളം യുവജനങ്ങൾ ചേർന്ന് കടകളിലും സ്ഥാപനങ്ങളിലും കയറിയിറങ്ങി ക്രിസ്തുമസ് സന്ദേശം നൽകുകയും മധുരം പങ്കുവയ്ക്കുകയും ചെയ്തു. കെ.സി.വൈ.എം. ദ്വാരക യൂണിറ്റിന്റെ നേതൃത്വത്തിൽ ദ്വാരക ഇടവകയിൽ പുൽക്കൂട് നിർമ്മാണം നടത്തി.

സ്നേഹപൂർവ്വം,

**ഷംജിത്ത് ചേലയ്ക്കൽ**

രൂപതാ ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിന് ഒരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 28 മുതൽ 31 വരെ നടന്ന MPC കോഴ്സിൽ 95 പേരും, ജനുവരി 14 മുതൽ 17 വരെ നടന്ന MPC കോഴ്സിൽ 92 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ഫെബ്രുവരി 18-21 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 04-07 | - | പാസ്റ്ററൽ സെന്റർ മണിമൂളി |

## പ്രത്യേക ശ്രദ്ധയ്ക്ക്

**മാർച്ച് 4 തുടങ്ങി 7 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, ഗൂഡല്ലൂർ, നിലമ്പൂർ പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചുപറയുമല്ലോ.** ഈ പ്രദേശങ്ങളിൽ കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവരോട് 4-7 ന്റെ കോഴ്സിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കുമല്ലോ.

## കത്തോലിക്കാ മാതൃസംഘടന

ജനുവരി 8 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ മാതൃസംഘടന എക്സിക്യൂട്ടീവും, വനിതാകമ്മീഷൻ എക്സിക്യൂട്ടീവും സംയുക്തമായി നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച യോഗത്തിൽ ഡിസംബറിൽ നടന്ന മാതൃസംഘടന രൂപതാ വാർഷികത്തെക്കുറിച്ച് അവലോകനം നടത്തി. മാനന്തവാടി മേഖലയുടെ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ സംഘടന എങ്ങനെ ഊർജ്ജിതമാക്കാം എന്നതിനെക്കുറിച്ചും മാതൃസംഘടനയുടെ പ്രാധാന്യത്തെക്കുറിച്ചും നയിച്ച ക്ലാസ് മീറ്റിംഗിൽ

സംബന്ധിച്ച എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ടു. പ്രസ്തുത നിർദ്ദേശങ്ങൾ രൂപതാ എക്സിക്യൂട്ടീവ് വളരെ താൽപര്യത്തോടെ വിലയിരുത്തി. മാതൃസംഘടനയോടു ചേർന്ന് വനിതാകമ്മീഷന്റെ പ്രവർത്തനങ്ങൾ ശാഖാ മേഖലാ തലത്തിൽ എങ്ങനെ സജീവമാക്കാമെന്ന് യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടു. അടുത്ത ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ശാഖയിൽ വനിതകൾക്ക് രചനാ മത്സരങ്ങൾ നടത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തി. യോഗത്തിൽ രൂപതാ പ്രസിഡന്റ് മോളി സ്വാഗതവും രൂപതാ ആനിമേറ്റർ സി. ടെസീന നന്ദിയും അർപ്പിച്ചു. അടുത്ത എക്സിക്യൂട്ടീവ് ഫെബ്രുവരി 8 ന് നടത്തുവാനും തീരുമാനിച്ചു.

**ആദരാഞ്ജലികൾ**

വിമൻസ് കമ്മീഷൻ രൂപതാ സെക്രട്ടറിയായ ശ്രീമതി ജിഷ പറയിടത്തിന്റെ ഭർത്താവ് ഷൈബിയുടെ ആകസ്മികമായ നിര്യാണത്തിൽ രൂപതാ കുടുംബപ്രേഷിതത്വത്തിന്റെ കീഴിലുള്ള എല്ലാ സംഘടനകളും അനുശോചിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

18 ന് ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ രൂപതാ മാതൃസംഘടന എക്സിക്യൂട്ടീവിലെയും, വനിതാകമ്മീഷൻ എക്സിക്യൂട്ടീവിലെയും എല്ലാ അംഗങ്ങളും ജിഷയുടെ വീട് സന്ദർശിക്കുകയും ഷൈബിയുടെ ആത്മശാന്തിക്കായി വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**ഇടിവണ്ണ ശാഖ**

ഡയറക്ടർ ബഹു. ജിൽസൺ കോക്കണ്ടത്തിൽ അച്ചന്റെയും ആനിമേറ്റർ സി. ഹെലന്റേയും നേതൃത്വത്തിൽ നല്ല പ്രവർത്തനമാണ് അമ്മമാർ കാഴ്ചവെച്ചത്. നോമ്പിന്റെ ഭാഗമായി അമ്മമാർ കാഴ്ച വെപ്പു നടത്തി 9000 രൂപ സമാഹരിച്ചു. 20 അമ്മമാർ ചോക്കാട് ശാന്തിസദനം സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾക്കായി 5000 രൂപകൊടുക്കുകയും ചെയ്തു. കൂടാതെ ഭവനനിർമ്മാണത്തിനായി ഒരു കുടുംബത്തിന് 2000 രൂപ നൽകി. 21 ന് പള്ളിയും പരിസരവും വൃത്തിയാക്കി വി. കുർബ്ബാനമദ്ധ്യേ തിരുവചനങ്ങൾ അമ്മമാർ വായിക്കുന്നു.

**പുതിയിടംകുന്ന്**

അമ്മമാർ വാർഡടിസ്ഥാനത്തിൽ പള്ളിയിലെ കാര്യങ്ങൾ വളരെ താൽപര്യത്തോടെ ചെയ്യുന്നു. ലോഗോസ് പരീക്ഷയ്ക്ക് 135 ഓളം അമ്മമാർ പങ്കെടുത്തു. ഇടവകയുടെ അനുപാതത്തിൽ പരീക്ഷയിൽ പങ്കെടുത്തതിനുള്ള രൂപതയിൽ രണ്ടാം സ്ഥാനവും പുതിയിടംകുന്ന് ഇടവകയ്ക്ക് ലഭിച്ചു. ആദ്യശനിയാഴ്ചകളിൽ ഗവൺമെന്റ് ഹോസ്പിറ്റലിൽ

ഉച്ചഭക്ഷണം ഉണ്ടാക്കികൊടുക്കുവാൻ വാർഡടിസ്ഥാനത്തിൽ പോകുന്നു. രോഗിസന്ദർശനവും നടത്തി തിരിച്ചുപോരുന്നു. റേഡിയോ മാറ്റൊലി സംഘടിപ്പിച്ച കരോൾഗാന മത്സരത്തിൽ പങ്കെടുക്കുകയും 15 ഇടവകകൾ പങ്കെടുത്ത മത്സരത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

## ചാരിറ്റി ശാഖ

എല്ലാ മാസവും വാർഡുകളിൽ മാസയോഗം നടത്തുന്നു. എല്ലാ മാതാക്കളും സജീവമായി പങ്കെടുക്കുന്നു. ക്ലാസുകളും ചർച്ചകളും നടത്തുന്നു. 12-ന് ഇടവകയിലെ എല്ലാമാതാക്കൾക്കുമായി ഒരു അർദ്ധദിന സെമിനാർ നടത്തി. സി.ആൻസി പോൾ എസ്.എച്ച്. ആണ് സെമിനാർ നയിച്ചത്. അമ്മമാരുടെ കുടുംബങ്ങളിലെ കടമകളെക്കുറിച്ച് വളരെ വിശദമായി ക്ലാസ് എടുത്തു. ഇടവകയിലെ എല്ലാ മാതാക്കളും പങ്കെടുത്തു. ബഹു. ജോർജ് അച്ചൻ സ്വാഗതവും ശ്രീ. സോഫി കാരാത്തറ നന്ദിയും പറഞ്ഞു.

## പയ്യമ്പള്ളി മേഖല

18 ന് പയ്യമ്പള്ളി ഇടവകയിൽ വച്ച് പയ്യമ്പള്ളി മേഖല 2010 വർഷത്തെ ജനറൽ ബോഡിയും ക്രിസ്മസ് ആഘോഷവും നടത്തി. 11 ശാഖകളിൽ നിന്നുമായി 210 അംഗങ്ങൾ പങ്കെടുത്തു. മേഖലാഡയറക്ടർ ബഹു. തോമസച്ചൻ ദിവ്യബലിയർപ്പിച്ചു. അഡ്വ. ജോസ് സാറും ശ്രീ. സാലുവും എ.ആർ.റ്റി. ബില്ലിനെക്കുറിച്ചും ജീവന്റെ സംരക്ഷണത്തെക്കുറിച്ചും ക്ലാസ്സിലൂടെ അറിവുപകർന്നു. തുടർന്ന് കരോൾഗാന മത്സരവും വട്ടയപ്പ മത്സരവും നടന്നു. വിജയികൾക്ക് ഫൊറോന വികാരി ബഹു. ജോസച്ചൻ സമ്മാനദാനം നിർവ്വഹിച്ചു. കരോൾഗാനം ഒന്നാം സ്ഥാനം ഒണ്ടയങ്ങാടി, രണ്ടാംസ്ഥാനം ആറാട്ടുതറ, മൂന്നാംസ്ഥാനം തൃശ്ശിലേരി, വട്ടയപ്പ മത്സരത്തിന് ഒന്നാംസ്ഥാനം ലീമ കമ്മന, രണ്ടാം സ്ഥാനം ലീലാമ്മ കണിയിടിക്കൽ ആറാട്ടുതറ, മൂന്നാം സ്ഥാനം മേരി പൂഴിപ്പുറത്ത്. ലോഗോസ് ക്വിസിന് മേഖലയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയവരെ ട്രോഫി നൽകി അനുമോദിച്ചു. പ്രസിഡന്റ് ശ്രീമതി മോളി കമ്മന നന്ദിയർപ്പിച്ചു.

## മാനന്തവാടി മേഖല

28 ന് പോരൂർ പള്ളിയിൽ വെച്ച് മാതൃസംഘടനയുടെ ആഭിമുഖ്യത്തിൽ മേഖലയിൽ 18 ഇടവകകളിൽ നിന്നുള്ള സൺഡേ സ്കൂൾ, ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി ബൈബിൾ ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. മാനന്തവാടി ഫൊറോന ഡയറക്ടർ ബഹു. തോമസച്ചന്റെ നേതൃത്വത്തിൽ പരിപാടി ആരംഭിച്ചു. നയിച്ചത്

ശ്രീ. ജോസ് പള്ളത്ത്. 16 ഇടവകകളിൽ നിന്നായി 29 പേർ പങ്കെടുത്തു. ഒന്നാം സ്ഥാനം പ്രശാന്തഗിരി 701 രൂപ, രണ്ടാംസ്ഥാനം യവനാർകുളം 501 രൂപ, മൂന്നാം സ്ഥാനം തലപ്പുഴ 301 രൂപ. പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ: 1) യവനാർകുളം, 2) പോരൂർ, 3) കണിയാരം, 4) ആലാറ്റിൽ, 5) മാനന്തവാടി ടൗൺ, 6) വാളാട്. പരിപാടിയുടെ വിജയത്തിനായി സഹകരിച്ച ബഹു. വികാരിയച്ചൻമാർക്കും ആനിമേറ്റേഴ്സിനും കുടുംബാംഗങ്ങൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു. മേഖലാ ആനിമേറ്റർ സി. ജോസ്ന ഏവർക്കും ഹൃദ്യമായ നന്ദി പറഞ്ഞു.

**കല്ലോടി ശാഖ**

18 ന് മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ക്രിസ്മസ് ആഘോഷം നടത്തി. കൂട്ടായി പ്രവർത്തിച്ചാൽ കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കും വളരെയേറെ ചെയ്യാൻ അമ്മമാർക്ക് സാധിക്കുമെന്ന് ബഹു. ജോർജ് മമ്പള്ളിയച്ചൻ ഓർമ്മപ്പെടുത്തി. അസി.വികാരി ബഹു. ജോസ് പുത്തൻപുരയിലച്ചൻ ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങളെ സ്നേഹത്തിലൂടെയും ത്യാഗത്തിലൂടെയും പ്രാർത്ഥനയിലൂടെയും കെട്ടുറപ്പാക്കി മാറ്റുക എന്ന ദൗത്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കണമെന്ന് ഒരു കൊച്ചുകഥയിലൂടെ വ്യക്തമാക്കി മിഷൻലീഗിന്റെ സംസ്ഥാനറാലിയിൽ അമ്മമാരുടെ സജീവമായ സാന്നിദ്ധ്യമുണ്ടായിരുന്നു. ജോ. സെ. ശ്രീമതി ഏലിയാമ്മ കുന്നത്ത് നന്ദി പറഞ്ഞു.

**മരിയൻ സിംഗിൾസ്**

11 ന് സി. മരീനയുടെ നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 12 പേർ പങ്കെടുത്തു അടുത്ത മീറ്റിംഗ് ഫെബ്രുവരി 15-ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"തന്റെ ശുശ്രൂഷയ്ക്കായി എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വസ്തനായി കണക്കാക്കി" (1 തിമോത്തി : 1:12).

2011 - സിയോൻ ശുശ്രൂഷയിൽ കൂടുതൽ വിശ്വാസത്തോടും തീക്ഷ്ണതയോടും കൂടെ നമുക്ക് വ്യാപൃതരാകാം. നേതൃത്വനിരയിലേക്ക് പുതുതായി കടന്നു വന്ന എല്ലാവർക്കും അനുഗ്രഹാശംസകൾ നേരുന്നു.

**സോണൽ മീറ്റിംഗ്**

31-12-2010 ജനുവരിയിലെ ആദ്യശനിയുടെ തലേദിവസം 52 ശുശ്രൂഷകർ സിയോൻ ചാപ്പലിൽ ബഹു. പാറയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. 10 a.m. ന് ദിവ്യകാരുണ്യനാഥനെ അൾത്താരയിൽ പ്രതിഷ്ഠിച്ചു. ശ്രീമതി എത്സി കുളത്തിങ്കൽ ജപമാല നയിച്ചു. ശ്രീ. പൈലി തുറപ്പാട്ട് 2010 ലെ അനുഗ്രഹ സ്മരണകളുമായി നന്ദിയുടെ ആരാധന നയിച്ചു. 11.30 ന് ശ്രീമതി എത്സി കുളത്തിങ്കൽ ശുശ്രൂഷകന് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ വചനത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കി ക്ലാസ്സെടുത്തു. 12 ന് ബഹു. ബാബു പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘു ഭക്ഷണത്തിനുശേഷം 1.30 ന് വീണ്ടും ചാപ്പലിൽ കൂടി. ബഹു. അച്ചൻ നിർദ്ദേശങ്ങളും അറിയിപ്പുകളും തന്നു. ശ്രീ. ജോസ് കളപ്പുര വോളണ്ടിയേഴ്സ് മിനിസ്ട്രിയുടെ 2010 ലെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസാക്കി. തുടർന്ന് അംഗങ്ങൾ എൽഡറിംഗും പാസ്റ്ററിംഗും നടത്തി.

**ജാഗരണ പ്രാർത്ഥന**

6.30 pm ജപമാല തുടർന്ന് കുരിശിന്റെ വഴി, അത്താഴം ഇവയ്ക്കുശേഷം 8.30 ന് ആരാധന ആരംഭിച്ചു. ബഹു. മനോജ് കാക്കോനാൽ അച്ചൻ ആരാധന നയിച്ചു. 10.30 - 11.30 സിയോൻ ടീം പ്രാർത്ഥന

നയിച്ചു. 11.30 ന് വർഷാവസാന, വർഷാരംഭ പ്രാർത്ഥനകൾ. തുടർന്ന് 12 മണിക്ക് വി. ബലി അർപ്പിച്ച് ബഹു. പാറയിൽ അച്ചൻ പുതുവർഷത്തിന്റെ എല്ലാ അനുഗ്രഹങ്ങൾക്കുമായി പ്രാർത്ഥിച്ചു. ശുശ്രൂഷകരെ കൂടാതെ സുവിശേഷമുന്നണി പ്രവർത്തകരും ഉണ്ടായിരുന്നു. അവർ പ്രഭാതം വരെ ആരാധിച്ചു. 12 ന് കുർബാനയ്ക്കുശേഷം കേക്ക് മുറിച്ച് പുതുവർഷാശംസകൾ പരസ്പരം കൈമാറി.

**ആദ്യശനി ഏകദിന കൺവെൻഷൻ 1-1-2011**

പ്രഭാതത്തിൽ 6 am ന് തന്നെ പരി. അമ്മയുടെ സന്നിധിയിലണഞ്ഞ് ദിവസത്തിന്റെ വിശുദ്ധീകരണത്തിനും ശുശ്രൂഷകളുടെ അഭിഷേകത്തിനുമായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചന സന്ദേശം തന്ന് വി. ജലം തളിച്ച് ശുശ്രൂഷകരെയും ഹാളിനെയും വിശുദ്ധീകരിച്ചു. ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനും ശേഷം സ്റ്റേജിലെ പ്രോഗ്രാമുകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന ഈ ശുശ്രൂഷകൾക്കുശേഷം 11 മണിക്ക് ശ്രീ. പൈലി തുറപ്പാട്ട് വചനം പങ്കുവച്ച് ക്ലാസ്സെടുത്തു. 12 ന് ബഹു. ബാബു പാറയിൽ അച്ചന്റെ അനുജൻ റവ. ഫാ. തോമസ് പാറയിൽ CMI വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. വി. മത്തായി 7: 7-12 വചനം വ്യാഖ്യാനിച്ചുകൊണ്ട് ദൈവത്തിന്റെ ശക്തി, പ്രാർത്ഥനയുടെ ശക്തി, സൗഹൃദത്തിന്റെ ശക്തി ഇവയെപ്പറ്റി വിശദീകരിച്ചു. നമ്മുടെ ജീവിതത്തിൽ ദുഃഖരഹസ്യങ്ങളും രഹസ്യദുഃഖങ്ങളും ഉണ്ട്. നല്ല ബന്ധങ്ങൾ ഉണ്ടാകണം, സ്ഥാപിക്കണം, വളർത്തണം. ക്രിയാത്മകമായി ചിന്തിക്കണം, നന്ദിയുള്ളവരായിരിക്കണം തുടങ്ങിയ കാര്യങ്ങൾ ബഹു. അച്ചൻ ഉദ്ബോധിപ്പിച്ചു. ലഘുഭക്ഷണം, സാക്ഷ്യങ്ങൾ ഇവയ്ക്കുശേഷം ആരാധന ആരംഭിച്ചു. 2011 ൽ നേതൃത്വത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ടവരെ പരിചയപ്പെടുത്തി. ബഹു. ബാബു അച്ചൻ തിരി കത്തിച്ചു നൽകി, പ്രാർത്ഥിച്ച് ശക്തീകരിച്ചു. ദിവ്യകാരുണ്യ പ്രദക്ഷിണവും സൗഖ്യപ്രാർത്ഥനയും നടത്തി. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം നൽകി. ശുശ്രൂഷകൾ 3.15 ന് അവസാനിച്ചു. അനുഗ്രഹം പ്രാപിച്ച ജനത സ്തുതിഗീതങ്ങൾ പാടി ഭവനങ്ങളിലേക്കു മടങ്ങി.

**രണ്ടാംശനി ശുശ്രൂഷകൾ 8-1-2011**

**കൗൺസിലിംഗ് ദിനം**

65 പേർ വന്ന് കൗൺസിലിംഗ് നടത്തി സന്തോഷവും സമാധാനവും നേടി പോയി.

**യുവജന ദിനം**

45 യുവജനങ്ങൾ ശുശ്രൂഷയിൽ പങ്കെടുത്തു. ബഹു. ജയ്സൺ

CSsR അച്ചൻ ക്ലാസ്സെടുത്തു. വി. ബലി അർപ്പിച്ചു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം നൽകി. ശുശ്രൂഷകൾ ജീസസ് യൂത്തിലെ അംഗങ്ങൾ നയിച്ചു.

**ദമ്പതീ കൂട്ടായ്മ 8-1-11**

പ്രാർത്ഥിച്ച്, വചനം ശ്രവിച്ച് ദമ്പതികൾ ഒരുങ്ങി. 2011 ൽ കൂട്ടായ്മയെ നയിക്കുവാനുള്ളവരെ തെരഞ്ഞെടുക്കുവാനും നല്ല കുടുംബ ജീവിതത്തിനും സഹായകമായിരുന്നു ബഹു. മനോജ് കാക്കോനാൽ അച്ചന്റെ ക്ലാസ്സ്. ബഹു. ബാബു പാറയിൽ അച്ചന്റെയും കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടത്തിന്റെയും സാന്നിധ്യത്തിൽ കൂട്ടായ്മയുടെ കോ-ഓർഡിനേറ്ററായി ശ്രീ. ജോസഫ് തോട്ടുപുറത്തിനേയും സബ്ബ് കോർഡിനേറ്ററായി ശ്രീ. പോൾസൺ വലിയമറ്റത്തിനേയും സെക്രട്ടറിയായി ശ്രീ. സണ്ണി പേര്യക്കോട്ടിലിനെയും മദ്ധ്യസ്ഥ പ്രാർത്ഥനാ ലീഡറായി ശ്രീ. ജെയിംസ് അമ്പലത്തറയേയും തെരഞ്ഞെടുത്തു.

**L.C.C ട്രെയിനിംഗ് പ്രോഗ്രാം**

14, 15 തീയതികളിലായി നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിൽ 33 ശുശ്രൂഷകർ പങ്കെടുത്തു. K.S.T. ചെയർമാൻ ബഹു. ജോസ് അഞ്ചാനിക്കൽ, വൈസ് ചെയർമാൻ ശ്രീ. ഇടുക്കി തങ്കച്ചൻ, ശ്രീ. ജോർജ്ജ്, ശ്രീ. തങ്കച്ചൻ ഇരിട്ടി എന്നിവർ ക്ലാസുകളും മറ്റു ശുശ്രൂഷകളും നയിച്ചു.

**മൂന്നാംവെള്ളി സൗഖ്യദിനം 21-1-2011**

9.45 ന് ശുശ്രൂഷകൾ ആരംഭിച്ചു. ബഹു. ജോർജ്ജ് മേമന അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. സൗഖ്യപ്രാർത്ഥനയും അഭിഷേക പ്രാർത്ഥനയും നടത്തി.

**സിയോൻ 2011 ഫെബ്രുവരി മാസത്തിൽ**

| | | |
|---|---|---|
| 4 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, |
| | - | ജാഗരണപ്രാർത്ഥന |
| 5 ആദ്യശനി | - | കൺവെൻഷൻ |
| | - | കൗൺസിലിംഗ് |
| | - | ക്രിസ്റ്റീൻ കൺവെൻഷൻ |
| 12 രണ്ടാം ശനി | - | കൗൺസിലിംഗ് ദിനം |
| | - | യുവജനദിനം |
| | - | ദമ്പതീ കൂട്ടായ്മ |
| 18 മൂന്നാം വെള്ളി | - | സൗഖ്യദിനം |
| | - | ജാഗരണപ്രാർത്ഥന |
| 25 നാലാംവെള്ളി | - | ജാഗരണപ്രാർത്ഥന (സുവിശേഷമുന്നണി) |

## 2011 ലെ തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷാ നേതൃത്വനിര

| പേര്, വീട്ടുപേര് | ശുശ്രൂഷ | ഇടവക |
|---|---|---|
| റവ. ഫാ.സെബാസ്റ്റ്യൻ പാറയിൽ | ഡയറക്ടർ | |
| റവ. ഫാ. മനോജ് കാക്കോനാൽ | അസി. ഡയറക്ടർ | |
| ശ്രീ. ബേബി മൂത്തേടത്ത് | കോ-ഓർഡിനേറ്റർ | ചിത്രഗിരി |
| ശ്രീ. ടോമി കുന്നത്ത് | അസി. കോ-ഓർഡിനേറ്റർ | കേണിച്ചിറ |
| ശ്രീ. ജോർജ് അരഞ്ഞാണിയിൽ | സോണൽ സെക്രട്ടറി | പയ്യമ്പള്ളി |
| സി. ബെന്നറ്റ് FCC | സോണൽ സെക്രട്ടറി | കാരയ്ക്കാമല |
| സി. ടീന SH | സോണൽ സെക്രട്ടറി | ദ്വാരക |
| ശ്രീ. മത്തായി കാരക്കാട്ട് | വോളണ്ടിയേഴ്സ് കോ-ഓർഡിനേറ്റർ | കമ്മന |
| ശ്രീ. ജോസ് കളപ്പുര | വോളണ്ടിയേഴ്സ്.അസി. കോ-ഓഡിനേറ്റർ | മൊതക്കര |
| ശ്രീമതി സിസിലി കളപ്പുര | വോളണ്ടിയേഴ്സ് വനിത കോ-ഓർഡിനേറ്റർ | മൊതക്കര |
| ശ്രീ. ജോസ് നമ്പ്യാപറമ്പിൽ | കൗൺസിലേഴ്സ് കോ-ഓർഡിനേറ്റർ | കൽപ്പറ്റ |
| ശ്രീ. ജോർജ് കൈനിക്കുന്നേൽ | കൗൺസിലേഴ്സ് അസി. കോ-ഓർഡിനേറ്റർ | ആടിക്കൊല്ലി |
| ശ്രീ.ജോസ് തേനംമാക്കൽ | ഇവാഞ്ചലൈസേഷൻ കോ-ഓർഡിനേറ്റർ | കൽപ്പറ്റ |
| മാധവൻ കുന്നേത്തോട്ടത്തിൽ | ഇവാഞ്ചലൈസേഷൻ സെക്രട്ടറി | മുതിരേരി |
| പൈലി തുറപ്പാട്ട് | ഇവാഞ്ചലൈസേഷൻ അസി. കോ-ഓർഡിനേറ്റർ | ബത്തേരി |
| ജോസ് മാളോല | മദ്ധ്യസ്ഥ പ്രാർത്ഥനാ കോ-ഓർഡിനേറ്റർ | മുള്ളൻകൊല്ലി |
| ശ്രീമതി എത്സി കുളത്തിങ്കൽ | മദ്ധ്യസ്ഥപ്രാർത്ഥനാ അസി. കോർഡിനേറ്റർ | ചെറുകാട്ടൂർ |
| ശ്രീ. ബേബി കുപ്പയിൽ | മദ്ധസ്ഥപ്രാർത്ഥനാ സെക്രട്ടറി | മീനങ്ങാടി |
| ജോസ് നെല്ലിനിൽക്കുംതടം | പാരീഷ് മിനിസ്ട്രി കോ-ഓർഡിനേറ്റർ | വാഴവറ്റ |
| ചാക്കോ വയലിൽ പുളിയാനിക്കൽ | പാരീഷ് മിനിസ്ട്രി സെക്രട്ടറി | വലിയകൊല്ലി |
| ശ്രീ. ആന്റണി പള്ളത്ത് | ഹോസ്പിറ്റൽ മിനിസ്ട്രി കോ-ഓർഡിനേറ്റർ | ചുണ്ടക്കര |
| ശ്രീ. തോമസ് പിച്ചകപ്പള്ളി | ഹോസ്പിറ്റൽ സെക്രട്ടറി | പുൽപ്പള്ളി |

| | | |
|---|---|---|
| ശ്രീ. പൈലി പെലക്കുടിയിൽ | ജീവജ്വാല കോ-ഓർഡിനേറ്റർ | തലപ്പുഴ |
| ശ്രീ. വർക്കി വാഴയിൽ | ജീവജ്വാല സെക്രട്ടറി | കേണിച്ചിറ |
| സി. ട്രീസ മേക്കുന്നേൽ SH | തുവാനീസ കോ-ഓർഡിനേറ്റർ | ദ്വാരക |
| ശ്രീമതി എൽസമ്മ പനച്ചിക്കൽ | തുവാനീസ സെക്രട്ടറി | തവിഞ്ഞാൽ |
| ശ്രീ. ജോണി ആലഞ്ചേരി | പ്രീച്ചിംഗ് കോ-ഓർഡിനേറ്റർ | മംഗളം |
| ശ്രീ. സിബി വട്ടമറ്റം | സെക്രട്ടറി | മുള്ളൻകൊല്ലി |
| അഡ്വ. ജോസ് കുറുമ്പാലക്കാട്ട് | പ്രോലൈഫ് കോ-ഓർഡിനേറ്റർ | കൽപ്പറ്റ |
| ശ്രീ. പോൾ കരിമ്പനാക്കുഴി | സബ്ബ് കോ-ഓർഡിനേറ്റർ | കൽപ്പറ്റ |
| ശ്രീ. ബേബി കരിമ്പനാൽ | പ്രോലൈഫ് സെക്രട്ടറി | കൽപ്പറ്റ |
| ശ്രീ. ജോസഫ് തോട്ടുപുറം | കപ്പിൾസ് കോ-ഓർഡിനേറ്റർ | കൽപ്പറ്റ |
| ശ്രീ. പോൾസൺ വലിയമറ്റം | കപ്പിൾസ് സബ്ബ് കോ-ഓർഡിനേറ്റർ | |
| ശ്രീ. സണ്ണി പേരിയക്കോട്ടിൽ | കപ്പിൾസ് സെക്രട്ടറി | കാരയ്ക്കാമല |
| ശ്രീ. ബേബി മൂത്തേടം | K.S.T മെമ്പർ | ചിത്രഗിരി |
| ശ്രീ. ബേബി മൂത്തേടം | K.A.C മെമ്പർ | ചിത്രഗിരി |
| ശ്രീ. ടോമി കുന്നത്ത് | K.A.C മെമ്പർ | കേണിച്ചിറ |
| ശ്രീ. ജോണി കുന്നുംപുറം | K.A.C മെമ്പർ | ആടിക്കൊല്ലി |

## സർവ്വീസ് ടീം - പുരുഷന്മാർ

1. ശ്രീ. ബേബി മൂത്തേടം
2. ശ്രീ. ചാക്കോച്ചൻ പുത്തൻപുര
3. ശ്രീ. ജോണി കുന്നുംപുറം
4. ശ്രീ. ജോസ് തേനമാക്കൽ
5. ശ്രീ. ജോസഫ് തോട്ടുപുറം
6. ശ്രീ. മത്തായി കാരക്കാട്ട്

## സ്ത്രീകൾ

1. ശ്രീമതി എത്സി കുളത്തിങ്കൽ
2. ശ്രീമതി എത്സി കുരീക്കൽ
3. ശ്രീമതി സിസിലി കളപ്പുര

## സിസ്റ്റർ

1. സി. ബന്നറ്റ് FCC

**വ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ പ്രിയ വിൻസെൻഷ്യൻ സഹോദരീസഹോദരങ്ങളേ,

ഉത്സവ ആഘോഷങ്ങളുടെ നാളുകളിലാണ് സമൂഹം. പെരുന്നാളുകൾ, വാർഷികങ്ങൾ എന്നിങ്ങനെ ആഘോഷങ്ങൾ പൊടിപൊടിക്കുമ്പോൾ നാം ഏറ്റെടുത്തിട്ടുള്ള ഉത്തരവാദിത്വങ്ങൾ മറക്കാതെ പ്രവർത്തിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ ഇടവകാതലത്തിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുപുറമെ രൂപതാതലത്തിൽ നാം ഏറ്റെടുത്തിട്ടുള്ള ഒരു വലിയ ഉത്തരവാദിത്വമാണ് നടവയലിൽ പ്രവർത്തിക്കുന്ന 'ഓസ്സാനഭവൻ'. യശശരീരനായ മാർ എമ്മാനുവൽ പോത്തനാമുഴി പിതാവിന്റെ അനുഗ്രഹാശീർവ്വാദത്തോടെ നാം ആരംഭിച്ച ഈ അഗതിമന്ദിരം ഒരു വ്യാഴവട്ടക്കാലമായി സുതാര്യമായ രീതിയിൽ നടത്തിക്കൊണ്ടുപോകുവാൻ ദൈവം നമ്മെ അനുവദിച്ചു. അനുഗ്രഹിച്ചു.

ജീവിതത്തിലെ പ്രതീക്ഷകളെല്ലാം അസ്തമിച്ച് താങ്ങിനും തണലിനും ആളില്ലാതെ ഉറ്റവരുടെയും കുടുംബാംഗങ്ങളുടെയും സ്നേഹം ലഭിക്കാതെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് സ്വന്തം കാലിൽ നിവർന്നു നിൽക്കാൻ കഴിയാത്തവരും, കിടന്നകിടപ്പിൽ ജീവിതത്തിന്റെ നാളുകൾ എണ്ണിക്കഴിയുന്നവരുമായ കുറേ സഹോദരങ്ങളെ പരിപാലിക്കേണ്ട ചുമതല ദൈവം നമ്മെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന ഉത്തരവാദിത്വം നാം മറക്കാതിരിക്കുക. ഈ അഗതികൾക്ക് പരിഗണനയും പരിചരണവും കൊടുത്ത് ശുശ്രൂഷിക്കുന്ന നല്ലൊരു ടീമിനെ ദൈവം കനിഞ്ഞ് നമ്മൾക്ക് നൽകിയിട്ടുണ്ട്. ഇവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും, ഇവരുടെ ശുശ്രൂഷയിൽ കഴിയുന്നത്ര സഹായിക്കാനും നാം കടപ്പെട്ടവരാണ്. ഓസ്സാനഭവനിൽ ഇപ്പോൾ 50 ഓളം പേർ നമ്മുടെ

സേവനം പ്രതീക്ഷിച്ച് കഴിയുന്നുണ്ട്. ഇവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും കഴിയുന്നത്ര സന്ദർശിച്ച് സ്നേഹത്തിന്റെയും പരിഗണനയുടെയും പിന്തുണ അവരെ ബോധ്യപ്പെടുത്തുവാനും പരിശ്രമിക്കുമല്ലോ. നമ്മുടെ സംഭാവനകൾ കൊണ്ടുമാത്രം ഓസ്സാനാഭവന്റെ നിത്യചെലവ് നടത്തികൊണ്ടുപോകുവാൻ കഴിയില്ലെന്ന കാര്യം നിങ്ങൾക്ക് ഊഹിക്കാമല്ലോ. ഓസ്സാനാഭവൻ നിത്യച്ചെലവിലേക്ക് ഫണ്ട് ശേഖരണത്തിനായി ഒരു കർമ്മപദ്ധതി ഈ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൻപ്രകാരം ഓരോ കോൺഫ്രൻസും 5 സ്പോൺസർമാരെയെങ്കിലും കണ്ടെത്തി സി.സിയെ അറിയിക്കണം. ഈ ആവശ്യത്തിനായി തെരഞ്ഞെടുത്ത ഭവനങ്ങൾ സന്ദർശിക്കുകയും ഓസാനാഭവനെയും അവിടുത്തെ അന്തേവാസികളേയും പ്രവർത്തനങ്ങളെയും കുറിച്ച് സംസാരിക്കുകയും, വർഷത്തിൽ ഒരിക്കൽ ഓസ്സാനാഭവൻ ചെലവിലേക്ക് ഒരുനേരത്തെയോ, ഒരുദിവസത്തേയോ ഭക്ഷണത്തിനും മറ്റുമുള്ള ചെലവ് സംഭാവന ചെയ്യണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യണം. സ്പോൺസർമാരുടെ പ്രത്യേക നിയോഗം വെച്ചായിരിക്കണം സംഭാവനകൾ പരിഗണിക്കേണ്ടത്. ഉദാഹരണമായി പിറന്നാൾദിവസം, വിവാഹ വാർഷികദിവസം, കുടുംബത്തിന്റെ സന്തോഷത്തിനും സമാധാനത്തിനും, മരിച്ചവരുടെ ഓർമ്മദിവസം എന്നീ നിയോഗങ്ങൾക്ക് അവർ നിർദ്ദേശിക്കുന്ന ദിവസവും, ആവശ്യവും സംഭാവനയുടെ തുകയും സ്പോൺസർമാരുടെ പോസ്റ്റൽ അഡ്രസ്സും, ഫോൺ നമ്പറും എഴുതി എടുക്കുകയും, തരുന്ന സംഭാവനകൾക്ക് കോൺഫ്രൻസ് റസീറ്റ് കൊടുക്കുകയും ചെയ്യുക. റസീറ്റിൽ ഓസ്സാനാഭവൻ നിത്യചെലവിലേക്ക് എന്ന് പ്രത്യേകം എഴുതി കൊടുക്കണം. പിരിഞ്ഞുകിട്ടുന്ന തുകയും വിശദവിവരങ്ങളും എ.സി. പ്രസിഡന്റുമാരെ ഏൽപ്പിച്ച് റസീറ്റ് വാങ്ങുക. എ.സി. പ്രസിഡന്റുമാർ സി.സിയിൽ ഏൽപ്പിക്കുക. സി.സി സ്പോൺസർമാരെ നേരിട്ട് ബന്ധപ്പെട്ട് നന്ദി അറിയിക്കുന്നതാണ്. താഴെ പറയും പ്രകാരമാണ് സംഭാവനയുടെ ക്രമീകരണം. ഓസ്സാനാഭവൻ അന്തേവാസികൾക്ക് ഒരു നേരത്തെ ഭക്ഷണത്തിന് Rs.1000/- ഒരു നേരത്തെ സ്പെഷ്യൽ ഭക്ഷണം Rs.2500/- ഒരു ദിവസത്തെ സാധാരണ ഭക്ഷണം Rs.2500/- ഒരു ദിവസം സ്പെഷ്യൽ ഭക്ഷണം Rs.5000/- ഒരു അന്തേവാസിയുടെ ചെലവ് 1 വർഷത്തേക്ക് സ്പോൺസർ ചെയ്യണമെങ്കിൽ Rs.40, 000/-

പ്രിയപ്പെട്ട വിൻസെൻഷ്യൻ പ്രവർത്തകർ ഈ പദ്ധതി വിജയത്തിനായി പ്രത്യേകം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണ

മെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് താഴെപറയും പ്രകാരം ഫോർമാറ്റ് തയ്യാറാക്കി വിവരശേഖരം നടത്തുന്നത് നല്ലതായിരിക്കും.

**ഓസ്സാനഭവൻ സ്പോൺസർഷിപ്പ് ഫോറം**

1. സ്പോൺസർഷിപ്പ് നടത്തുന്ന വ്യക്തിയുടെ പേര് :
2. മേൽവിലാസം/ ഫോൺ നമ്പർ :
3. ഇടവക/ കോൺഫ്രൻസ് പേര് :
4. ഏരിയ കൗൺസിലിന്റെ പേര് :
5. സ്പോൺസർ ചെയ്യാനുദ്ദേശിക്കുന്ന തുക :
6. ഏത് ദിവസമാണ് ധനസഹായം/ സ്പോൺസർഷിപ്പ് നൽകുന്നത് :
7. ധനസഹായം നൽകുന്ന ദിവസത്തിന്റെ പ്രത്യേകത :
8. സ്പോൺസർഷിപ്പ് ഏത് രീതിയിൽ :
9. ധനസഹായം നൽകുന്ന വ്യക്തിയുടെ ഒപ്പ് :

10 റിമാർക്ക്സ് :

**ഓസ്സാനഭവൻ സന്ദർശന കലണ്ടർ**

| | | |
|---|---|---|
| 17-2-2011 | - | സെന്റ് ജൂഡ്സ് മൂലങ്കാവ് |
| 19-2-2011 | - | സെന്റ് ആന്റണീസ് പഴൂർ |
| 21-2-2011 | - | സെന്റ് മേരീസ് തോമാട്ടുചാൽ |
| 23-2-2011 | - | സെന്റ് ആന്റണീസ് വാകേരി |
| 25-2-2011 | - | സെന്റ് ജോസഫസ് വടക്കനാട് |
| 28-2-2011 | - | സെന്റ് മേരീസ് കൽപ്പറ്റ |
| 2-3-2011 | - | സെന്റ് മേരീസ് അരിഞ്ചേർമല (ചുണ്ടക്കര എ.സി.) |
| 4-3-2011 | - | സെന്റ് തോമസ് അരിഞ്ചേർമല |
| 7-3-2011 | - | സെന്റ് ജോസഫ്സ് ചുണ്ടക്കര |
| 9-3-2011 | - | സെന്റ് മേരീസ് ചുണ്ടക്കര |
| 11-3-2011 | - | സെന്റ് അൽഫോൻസ് ചുള്ളിയാന |
| 14-3-2011 | - | സെന്റ് ജോർജ്ജ് ചുള്ളിയാന |

നിശ്ചിത ദിവസംതന്നെ ഓസ്സാനാഭവൻ സന്ദർശനം കോൺഫ്രൻസുകൾ നടത്തേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള മാറ്റം ഉണ്ടെങ്കിൽ ഓസ്സാനഭവൻ നടവയലിൽ വിവരം അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## നന്ദിയുടെ ആയിരം പൂച്ചെണ്ട്

ദീർഘകാലമായി രൂപതയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആത്മീയ തേജസ് പകർന്ന് സേവനം അനുഷ്ഠിച്ചിരുന്ന ബഹു. ഫാ. ബെന്നി മുതിരക്കാലായിൽ തൽസ്ഥാനത്ത് നിന്ന് വിരമിക്കുകയാണ്. പ്രിയപ്പെട്ട ബെന്നിയച്ചന് രൂപതയിലെ മുഴുവൻ പ്രവർത്തകരുടെയും ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുകയാണ്. അച്ചനെ സ്നേഹബഹുമാനത്തോടെ ഓർക്കുകയും അച്ചന്റെ തുടർ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സി. സിയുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവായി ബഹു. ജോർജ് മേമന അച്ചനെ 2011 ജനുവരി മുതൽ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. പ്രിയ ബഹു. ജോർജച്ചനെ ഹൃദയം നിറഞ്ഞ സന്തോഷത്തോടെ വിൻസെൻഷ്യൻ പ്രവർത്തനങ്ങളിലേക്ക് സ്വാഗതം ചെയ്യുന്നു.

## നിലമ്പൂർ എ.സി യ്ക്ക് പുതിയ പ്രസിഡന്റ്

നിലമ്പൂർ എ. സി. യുടെ പുതിയ പ്രസിഡന്റായി ബ്ര. റ്റി. എം. ജോസ് തിരഞ്ഞെടുക്കപ്പെട്ടു. 12-12-2010 ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ വച്ച് നടന്ന തിരഞ്ഞെടുപ്പ് യോഗത്തിൽ എ.സി ആത്മീയോപദേഷ്ടാവ് റവ. ഫാ. ചാണ്ടി പുനക്കാട്ട്, സി.സി. വൈസ് പ്രസിഡന്റ് വി. സി. ജോസ് എന്നിവർ പങ്കെടുത്തു. വൈസ് പ്രസിഡന്റ് തോമസ് മാത്യു മനാംതടത്തിൽ, സെക്രട്ടറി അഗസ്റ്റ്യൻ കടുംകംമാക്കൽ, ട്രഷറർ ഷാജി പൂവത്താനി, ജോയിന്റ് സെക്രട്ടറി ജോണി കാര്യങ്കൽ, വനിതാ പ്രതിനിധി ജോളി നാടുകുന്നേൽ എന്നിവർ നിയമിതരായി. പുതിയ ഭാരവാഹികൾക്ക് മംഗളാശംസകൾ നേരുന്നു. സ്ഥാനമൊഴിഞ്ഞ എ. സി. പ്രസിഡന്റ് തോമസ് കെ. ജോർജിന് നന്ദിയുടെ വാടാമലരുകൾ അർപ്പിക്കുന്നു.

## കൊട്ടിയൂർ എ.സി.

കൊട്ടിയൂർ എ.സി. യിലെ അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് കോൺഫ്രൻസിന്റെ രജത ജൂബിലി ആഘോഷം 28-12-2010 ന് സമുചിതമായി ആഘോഷിച്ചു. കൊട്ടിയൂർ എ.സി. യിലെ വിൻസെൻഷ്യൻ പ്രവർത്തകരുടെ കൂട്ടായ്മയ്ക്ക് വേദിയായ ആഘോഷ പരിപാടിക്ക് ആരംഭം കുറിച്ചുകൊണ്ട് കോൺഫ്രൻസിന്റെ ആദ്യ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ദിവ്യബലി അർപ്പിച്ചു.

തുടർന്ന് നടന്ന പഠനക്ലാസ് എ. സി. ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോസ് കുളിരാനി ഉദ്ഘാടനം ചെയ്തു. വിൻസെൻഷ്യൻ പ്രവർത്തന ത്തിന്റെ മാഹാത്മ്യത്തെ പറ്റി റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര മനോ ഹരമായി ക്ലാസ്സ് അവതരിപ്പിച്ചു. തുടർന്നു നടന്ന പൊതുയോഗം റവ. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ഉദ്ഘാടനം ചെയ്തു. കോൺഫ്രൻസിൽ പ്രസിഡന്റ് ബ്ര. അലക്സാണ്ടർ കുഴിമണ്ണിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സി.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. ജോണി പാറ്റാനി മുഖ്യ പ്രഭാഷണം നടത്തി. ജൂബിലി പ്രമാണിച്ച് ഒരു ദത്തു കുടുംബത്തിന് സ്വയം തൊഴിലിനായി ഒരുക്കിയ തയ്യൽ മെഷീൻ ഇട വക വികാരി റവ. ഫാ. ഷാജി മുളകുടിയാങ്കൽ വിതരണം ചെയ്തു. 25 വർഷം സൊസൈറ്റി പ്രവർത്തനം തികച്ച അഞ്ചുപേരെ പൊന്നാടയ ണിയിച്ച് ആദരിച്ചു. എ.സി. പ്രസിഡന്റ് ശ്രീ. ജോസ് കുട്ടി ചാത്തമല, ശ്രീ. തോമസ് മണിച്ചിറ, ശ്രീ. അലക്സാണ്ടർ കുഴിമണ്ണിൽ, ശ്രീ. ജോസ് വയലിൽ, ശ്രീ. ആന്റണി മുക്കാട്ടുകാവുങ്കൽ, ശ്രീ. തോമസ് മുതുകാട്ടിൽ എന്നിവർ പ്രസംഗിച്ചു. കൂട്ടായ്മയോടെ പ്രവർത്തിക്കുവാൻ ഏവർക്കും ശക്തി നൽകണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

സ്നേഹപൂർവ്വം,

**ബ്ര. എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്

## റേഡിയോ മാറ്റൊലി 90.4 mhz

**1. പ്രഭാതം മുതൽ പ്രദോഷംവരെ**

ജനുവരി ഒന്നുമുതൽ നമ്മുടെ റേഡിയോ മാറ്റൊലിയുടെ പ്രക്ഷേപണസമയം 16 മണിക്കൂറായി വർദ്ധിപ്പിച്ചു. ഇപ്പോൾ രാവിലെ 6 മുതൽ രാത്രി 10 വരെ മാറ്റൊലി ശ്രവിക്കാനാവും. ചലച്ചിത്രഗാനങ്ങൾകൂടി ഉൾപ്പെടുത്തിയതോടെ ശ്രോതാക്കളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2009 ജൂൺ ഒന്നിന് നാലുമണിക്കൂർ പ്രക്ഷേപണവുമായി ആരംഭിച്ച മാറ്റൊലി അതേവർഷം ജൂലൈ 25-ന് 6 മണിക്കൂറായും 2010 ജൂൺ 1 ന് 9 മണിക്കൂറായും വർദ്ധിപ്പിച്ചിരുന്നു.

**2. മാറ്റൊലി ക്ലാസ്സിഫൈഡ്**

കമ്മേഴ്സിയൽ പരസ്യങ്ങൾക്ക് പുറമേ മാറ്റൊലിയിൽ ക്ലാസ്സിഫൈഡ് പരസ്യങ്ങൾക്ക് ജനുവരി ഒന്നുമുതൽ തുടക്കമായി. ജില്ലയിലെ സാധാരണക്കാരായ ഉപഭോക്താക്കൾക്കും സേവനദാതാക്കൾക്കുമായി നാമമാത്രമായ നിരക്കിലാണ് ക്ലാസ്സിഫൈഡ് പരസ്യങ്ങൾ. 30 സെക്കന്റിൽ താഴെ സമയം ഉപയോഗിച്ചു ചെയ്യുന്ന മാറ്റൊലി ക്ലാസ്സിഫൈഡിന് ഒരു ദിവസത്തേക്ക് 50 രൂപയാണ് ചാർജ് ചെയ്യുക. അഞ്ചു പ്രാവശ്യം ആവർത്തിക്കും. ഒരാഴ്ചത്തേക്കുള്ള ക്ലാസ്സിഫൈഡിന് 250 രൂപമാത്രം നൽകിയാൽ മതിയാകും. നല്ല പ്രതികരണമാണ് മാറ്റൊലി ക്ലാസ്സിഫൈഡിന് ലഭിച്ചുകൊണ്ടിരിക്കുന്നത്.

**3. കാർഷിക വിജ്ഞാനവ്യാപന പരിപാടി**

വിഷവിമുക്ത വയനാട് ലക്ഷ്യമാക്കി ജൈവകൃഷിയും, ശാസ്ത്രീയ കൃഷിരീതികളും പ്രോത്സാഹിപ്പിക്കുന്ന ധാരാളം പരിപാടികൾ ഇപ്പോൾ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്. കൃഷി വകുപ്പിന്റെ ആത്മ (ATMA) യും, കോഫി ബോർഡും ഈ പരിപാടിക്ക് സാമ്പത്തിക സഹായം ചെയ്തുവരുന്നുണ്ട്.

### 4. മാറ്റൊലിയിൽ അവസരങ്ങൾ

സന്നദ്ധ പ്രവർത്തകരുടെ ഒരു വലിയ സംഘമാണ് മാറ്റൊലിയുടെ ശക്തി. വിദഗ്ദരും അല്ലാത്തവരും ഇക്കൂട്ടത്തിലുണ്ട്. ഉദ്യോഗസ്ഥർക്കും പെൻഷൻപറ്റിയവർക്കും പുറമേ, അദ്ധ്യാപകരും വിദ്യാർത്ഥികളും സാമൂഹ്യ പ്രവർത്തകരും സന്യസ്ഥരും വൈദികരുമുണ്ട്. എങ്കിലും കൂടുതൽ ആളുകളെ ഇനിയും ആവശ്യമുണ്ട്. കഴിവും താല്പര്യവുമുള്ളവർ മാറ്റൊലിയുമായി ബന്ധപ്പെടുക. (ഫോൺ 04935-242008)

### 5. മാറ്റൊലി ഫ്ളാഷ്

ജനുവരി ഒന്നുമുതൽ ഓരോ മണിക്കൂറിലും 'മാറ്റൊലി ഫ്ളാഷ്' എന്ന പേരിൽ വാർത്തകളും വിശേഷങ്ങളും പ്രക്ഷേപണം ചെയ്തുവരുന്നു. രാവിലെ 10 നാണ് ആരംഭിക്കുക. വൈകുന്നേരം 5 മണിക്കുശേഷം ഉണ്ടാവില്ല. വാർത്തകൾ, അപകടവിവരങ്ങൾ, റോഡ് ബ്ലോക്കുകൾ, മത്സരഫലങ്ങൾ, ചരമ അറിയിപ്പുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രക്ഷേപണം സൗജന്യമാണ്.

**ഫാ. ജോസ് കാവുങ്കൽ**
അസി.ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

**1. മേഖലാതല പ്രവർത്തനം**

മീഡിയാ കമ്മീഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, രൂപതയുടെ മുഴുവൻ പങ്കാളിത്തം ഉറപ്പുവരുത്താനുമായി എല്ലാ ഫൊറോനകളിൽനിന്നും ഓരോ വൈദികരെകൂടി ഉൾപ്പെടുത്തി കമ്മീഷന്റെ വിപുലീകരണം നടന്നുവരികയാണ്. അഞ്ചു ഫൊറോനകളിൽകൂടി തെരഞ്ഞെടുപ്പ് നടക്കാനുണ്ട്. ഫെബ്രുവരി പകുതിക്കുശേഷം മീഡിയാ കമ്മീഷന്റെ യോഗം ചേരുന്നതാണ്. മേഖലാതല പ്രവർത്തനങ്ങൾക്ക് ഈ യോഗത്തിൽ തീരുമാനമാകും.

**2. സി.ബി.സി.ഐ. മീഡിയാ കമ്മീഷൻ**

സി.ബി.സി.ഐ. കമ്മീഷന്റെ നേതൃത്വത്തിൽ ചെന്നൈയിൽ നടന്ന മീഡിയ കമ്മീഷൻ റീജണൽ ചെയർമാൻമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിൽ, പ്രത്യേകം ക്ഷണിതാവായി ഡോ.ഫാ. തോമസ് ജോസഫ് തേരകം പങ്കെടുത്തു. ഇന്ത്യയിലെ എല്ലാ രൂപതകളിലും കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാനുള്ള ആലോചനകൾ നടക്കുന്ന സാഹചര്യത്തിൽ ഈ രംഗത്തെ മാനന്തവാടി രൂപതയുടെ പ്രവർത്തനാനുഭവങ്ങൾ സമ്മേളനത്തിൽ പങ്കുവെക്കപ്പെട്ടു

**ഇന്റർനെറ്റ് - തൽസമയ പ്രക്ഷേപണം**

സമ്മേളനങ്ങൾ, ആഘോഷ പരിപാടികൾ, തിരുക്കർമ്മങ്ങൾ തുടങ്ങിയ പരിപാടികൾ ഇന്റർനെറ്റിൽ തൽസമയം പ്രക്ഷേപണം ചെയ്യുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ മീഡിയാ കമ്മീഷനിൽ നിലവിലുണ്ട്. തിരുഹൃദയ സന്യാസിനിസഭയുടെ മാനന്തവാടി പ്രോവിൻസ് ദ്വാരകയിൽ വെച്ചു നടത്തിയ ശതാബ്ദിയാഘോഷപരിപാടികൾ ഇപ്രകാരം ചെയ്തതിനാൽ വിദേശത്തുള്ള സഭാംഗങ്ങൾക്ക് പരിപാടികളിൽ സംബന്ധിക്കാനായി. മിഷൻലീഗിന്റെ 4 മണിക്കൂർ നീണ്ടുനിന്ന സംസ്ഥാന വാർഷികാഘോഷയാത്രയും ഇന്റർനെറ്റിൽ തൽസമയം ലഭ്യമാക്കാൻ മീഡിയാ കമ്മീഷന് സാധിച്ചു. ഫാ. ജോസ് കാവുങ്കൽ ആണ് പരിപാടി വിജയകരമായി നടത്തിയത്.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
വൈസ് ചെയർമാൻ, മീഡിയാ കമ്മീഷൻ

# സാമൂഹ്യ സേവനരംഗം (WSSS)

## നീർത്തട സംഗമം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ഗ്രാമ സമൃദ്ധി പദ്ധതിയുടെ ഭാഗമായി നീർത്തട സംഗമം നടത്തി. ഇതോടനുബന്ധിച്ച് നീർത്തട നിവാസികളുടെ ഒത്തുചേരലും, സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഉത്ഘാടനവും നടന്നു. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന നീർത്തടസംഗമം ശ്രീ. കെ.സി. കുഞ്ഞിരാമൻ എം.എൽ.എ. ഉത്ഘാടനം ചെയ്തു. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീത ബാബു അദ്ധ്യക്ഷത വഹിക്കുകയും, നബാർഡ് ഏരിയ ജനറൽ മാനേജർ ശ്രീ. ബൈജു കുറുപ്പ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് സി. പോക്കർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി. മൊയ്തു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. 'സുസ്ഥിര കാർഷിക വികസനം ജൈവകൃഷിയിലൂടെ' എന്ന വിഷയത്തിൽ നടന്ന കാർഷിക സെമിനാറിന് അമ്പലവയൽ KVK യിലെ ശാസ്ത്രജ്ഞനായ ഡോ. അരുൺ അരശ് ക്ലാസെടുത്തു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതവും, വോയ്സ് പ്രസിഡന്റ് ശ്രീ. രാജു നന്ദിയും പറഞ്ഞു.

## നേതൃത്വ പരിശീലനം

സോഷ്യൽ വെൽഫെയർ സൊസൈറ്റി ഭാരവാഹികൾക്കുവേണ്ടി WSSS ഓഡിറ്റോറിയത്തിൽവെച്ച് ഏകദിന നേതൃത്വ പരിശീലനം നടത്തി. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉത്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ഒ.പി. അബ്രാഹം, ജനറൽ കോ-ഓഡിനേറ്റർ ജോസ് എള്ളുമന്ദം എന്നിവർ നേതൃത്വം നൽകി.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓർഗനൈസേഴ്സ് (CDO) മീറ്റിംഗ്**

കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓർഗനൈസേഴ്സ് അവലോകന യോഗം WSSS ഓഡിറ്റോറിയത്തിൽവെച്ച് നടത്തി. WSSS ജോയിന്റ് ഡയറക്ടർ അഡ്വ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, റീജണൽ കോ-ഓഡിനേറ്റേഴ്സ് ഷാജി കെ ജോസ്, സിജോ കെ.ജെ. എന്നിവർ നേതൃത്വം നൽകി.

**ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം**

സീതാമൗണ്ട്, കബനിഗിരി, മൂഴിമല, കാപ്പിക്കുന്ന്, ദ്വാരക, മലങ്കര, കരിമ്പിൽ, അരിഞ്ചേർമല, പറളിക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ കഴിഞ്ഞമാസം 9 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 07 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 09 പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുകയും സ്ഥാനനിർണ്ണയം നടത്തുകയും ചെയ്തു. ദ്വാരക, മൂഴിമല എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**പച്ചക്കറി തൈകളുടെ ഉല്പാദനവും വിതരണവും**

പച്ചക്കറികളുടെ അത്യുല്പാദന ശേഷിയുള്ള വിത്തുകൾ നേഴ്സറിയിൽ നിയന്ത്രിതകൃഷി സംവിധാനത്തിൽ മുളപ്പിച്ച് വിതരണം ചെയ്തുവരുന്നു. 90 മുതൽ 98 വരെ തൈകളുടെ ഒരു ട്രെയ്ക്ക് 150 രൂപ നിരക്കിലാണ് തൈകൾ വിതരണം ചെയ്യുന്നത്. ഇതുവരെ 100 ട്രെയ്കൾ വിതരണം ചെയ്തു.

**സേവ് എ ഫാമിലി പ്രോഗ്രാം**

സേവ് എ ഫാമിലി പ്രോഗ്രാം ഗുണഭോക്താക്കൾക്കായി പുതുശ്ശേരിക്കടവ്, പുൽപ്പള്ളി, WSSS ഓഡിറ്റോറിയം എന്നിവിടങ്ങളിൽ വെച്ച് മേഖലാ സംഗമങ്ങൾ നടത്തി. ദത്തുകുടുംബങ്ങളുടെ സ്വയം പര്യാപ്തത ലക്ഷ്യമാക്കി വിവിധ തൊഴിൽ മേഖലകളിലുള്ള സാധ്യതകളെക്കുറിച്ചുള്ള പരിശീലനങ്ങളാണ് മേഖലാ സംഗമങ്ങളിൽ നൽകിയത്. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, ജോയിന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, പ്രോഗ്രാം ഓഫീസർ ഒ.പി. അബ്രാഹം, ജനറൽ കോ-ഓഡിനേറ്റർ ജോസ് എള്ളുമന്ദം, NRM കോ-ഓഡിനേറ്റർ കെ.ഒ. ജോയി, മാർക്കറ്റിംഗ് മാനേജർ കെ.എൽ. മാർട്ടിൻ, SFC കോ-ഓഡിനേറ്റർ അന്നമ്മ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി

&

1. Dhanya K.G. of III Yr Maths won the Kalathilakam in the Wayanad Dt Keralolsavam.
2. Ajay Mohan and Rithin K.D. attended the Workshop on Hydrology Data Users' Group conducted by the Wayanad Ground Water Dept @ the Meenangadi Panchayat Conference Hall on 10 December 2010.
3. Gokul M. A. attended the State Poetry Workshop @ Govt College, Madappally from 17 - 19 December 2010.
4. Jithin Jose, Shinoob T.M., Sravan Krishna, Dhanya K.G., and Swetha T.S. are selected to the State Level Best Student Leader Contest organized by the DC School of Management.
5. The Football Team led by Askar Ali won the All Wayanad Under 21 Football Championship held during the X'mas holidays.
6. Midhun Mathew, Vineeth P., Bibin Varghese, and Sooraj R. have attended the National Leadership Camp of the Nehru Yuvajana Kendra @ Hassan from 11 - 21 January 2011.
7. The Students' Union Chairman, Ritwik Priyesh and Alna Mariya Isaac accompanied by Dr Maria Martin Joseph, the IQAC Coordinator represented the College stood third in the Presentation on the Student Extension Activities (Mytri Community Devt Project @ Murukkumtheri Tribal Colony, Employment Training Program for Tribal Women, and Karunyam Sponsored Lunch for the Patients of the District Hospital, Mananthavady) @ the National Conference on Students' Participation in the Quality Enhancement of Higher Education Institutions @ S.B. College, Changanacherry on 14 & 15 January 2011. Sri Biju Joseph, Dr Joseph KJ, Sri George Thomas, Sri David Thomas, Athira P.B. and Yadu assisted in the Preparation of the Presentation.

8. The Short Film Power Cut produced by Jerin Mathew and Party won the Best Theme Award @ the Montage 2011 organized by BPC College, Piravam, Ernakulam.

9. On 5 January Rev. Fr Robin Vadakkancheril, the Manager released the Short Films produced by the Students of II BCom. Dr Rakesh Kalia, coordinated.

10. The UGC has sanctioned an Indoor Stadium for the College. Dr Martin coordinates the Project.

11. Ms Geetha Antony, Dr Sr Germina K.A., and Dr Maria Martin are awarded Minor Research Projects worth Rs 3.9 Lakhs by the UGC in the Current Year. The Teaching Faculty has been working on 15 other Minor Research Projects and Two Major Research Projects since 2006.

12. Dr Sr Germina was the Resource Person @ the International Conference on Mathematical Sciences @ St Thomas College, Pala during 3 - 5 January 2011. She had attended the International Conference on Cryptology in India held @ the University of Hyderabad from 13 - 15 December 2010. Ms Geetha Antony attended the International Conference organized by the Kannur Univ. Dept of Statistics from 10 - 14 January.

13. Dr Sudha Devi has prepared the Bio Diversity Register of the Flora and Fauna of the Campus and that of the Panamaram Wetland as part of the Nature Education Program for Colleges sponsored by the Kerala State Biodiversity Board. She had attended the Training Program on Biotechnological Aspects @ the Seri Biotechnological Laboratory of the Central Silk Board, Ministry of Textiles, Govt of India, Bengaluru during 21 - 31 December 2010.

14. Aneesh E.M. Guest Faculty in Zoology is awarded Ph D by the Mysore University. He is also the recipient of the Young Scientist Award for 2010 of the Society for Filariasis and Other Communicable Diseases, New Delhi. The Award constitutes Rs.10.000/-

15. The Dept of Computer Science organized the Years' Alumini

Meet on 26 December. Around 40 of the alumini attended. Ms Jisha T.E., Head of the Dept coordinated.

16. Prof. Joy Joseph, Retd Faculty from the Bharat Mata College, Thrikkakara, Kochi led the Seminar for Commerce students on their Career Prospects on 12 January.

17. This Year we've taken up a mega program in Life Skills Education & Career Guidance to students of all batches for three consecutive days. An Expert Team led by Fr Prince Cheruvallil of Bharat Mata College, Thrikkakara will be the Resource Persons. The Workshop includes training in Motivation, Self Esteem, Communication Skills, Memory & Study Skills, Exam Preparation, Emotion Management, Interpersonal Relationship, Sex Education, Career Guidance & Family Life Education. Fr. Biju Thuruthel, Dr Rakesh Kalia, and the Mentors coordinate the Workshop from 17 - 26 January.

18. A 50 Member Student-Team will represent the College in the Kannur University Arts Festival scheduled to begin @ Kasaragod on 24 January. Dr Joseph K Job & Sri Linto John will coordinate.

19. The Celebrated painter and Enviormentalist, Ravindran Master released the 15th Annual (Magazine) of the College titlted *Pottu*, to the making of which more than 250 students contributed.

**Dr. Raju George**
Principal



# അറിയിപ്പുകൾ

## ഗാർഹിക ഗ്യാസ് കണക്ഷൻ

ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഗാർഹിക ഗ്യാസ് കണക്ഷൻ തുടർന്നും ലഭ്യമാകുന്നതിന് താഴെ പറയുന്ന രേഖകളുമായി കോഴിക്കോട് സിവിൽ സ്റ്റേഷൻ അടുത്തുള്ള ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഓഫീസിൽ നേരിട്ട് ബന്ധപ്പെടേണ്ടതാണ്.

1. സ്ഥാപനം ചാരിറ്റബിൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി.
2. '12 A' നികുതി ഒഴിവ് ലഭിച്ചു എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി.
3. സ്ഥാപനത്തിൽ താമസിക്കുന്നവരുടെ എണ്ണം തെളിയിക്കുന്ന 'മസ്റ്റ്റോൾ'

**അഡ്വ.ഫാ.ജോൺ ചൂരപ്പുഴയിൽ**
ലീഗൽ എയ്ഡ് സെന്റർ
മൊബൈൽ : 9656220000



# *Programme*

## PASTORAL CENTRE, DWARAKA

### *February - 2011*

| | | |
|---|---|---|
| *02 Wed* | - | *Priests' Conference* |
| *03 Thu* | - | *KCYM : READY* |
| *04 Fri* | - | *Zion CRC : Night Vigil* |
| *05 Sat* | - | *Zion CRC : Prayer Day, Christeen Prayer Day* |
| *11 Fri* | - | *KCYM : Secretariat / Syndicate* |
| *12 Sat* | - | *Pastoral Council; Jesus Youth : Prayer Day; Cat : HDC Exam* |
| *15 Tue* | - | *Marian Singles* |
| *18 Fri-21 Mon* | - | *Marriage Preparation Course* |
| *25 Fri* | - | *CML : Executive* |
| *26 Sat-27 Sun* | - | *HDC Viva Exam* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## 2011 February

| | | |
|---|---|---|
| 1 Tue | ............. | Mary Matha College |
| 2 Wed | ............. | Dwaraka : Priests' Conference |
| 3 Thu | ............. | Payyampally : Sent off meeting of Teachers |
| 4 Fri | ............. | Out of Station |
| 5 Sat | ............. | Thalanji : Chapel Blessing |
| 6 Sun | ............. | Ruby Nagar : Conclusion of Parish Jubilee |
| 7 Mon | ............. | Ernakulam : POC |
| 8 Tue10 Thu | ..... | Aluva : Seminary Commission |
| 11 Fri | ............. | Out of Station |
| 12 Sat | ............. | Dwaraka : Pastoral Council |
| 13 Sun | ............. | Marakadavu : Pastoral Visit |
| 14 Mon | ............. | Engaged |
| 15 Tue16 Wed | ... | Kunnoth : Seminary Commisssion |
| 17 Thu 18 Fri | ... | Out of Station |
| 19 Sat | ............. | Engaged |
| 20 Sun | ............. | Morning : Ambalavayal : Blessing of Chapel |
| | Afternoon | Vakery : Blessing of Cemetary |
| 21 Mon | ............. | Visitors' Day |
| 23 Wed | ............. | Visitors' Day |

| | | | |
|---|---|---|---|
| 24 Thu | .............. | | Engaged |
| 25 Fri | .............. | | Out of Station |
| 26 Sat | Morning | | Vincentgiri |
| | Afternoon | | Mullenkolly : Pastoral Visit |
| 27 Sun | .............. | | Mullenkolly : Pastoral Visit |
| 28 Mon | .............. | | Visitors' Day |

## *2011 March*

| | | |
|---|---|---|
| 1 Tue | .............. | Thonichal : First Profession of SKD Novices and Final Profession of Sisters |
| 3 Thu | .............. | Deepthi Bhavan |
| 4 Fri | ............... | Out of Station |
| 5 Sat | .............. | Pulpally : Kripalaya Special School Anniversary |
| 7 Mon | .............. | Ash Monday |

*17 March to 12 April : Rome*